2025
ജൂൺ
വാല്യം 18 | ലക്കം 6
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURA ... BULLETIN



## പരിശുദ്ധ ലിയോ 14-ാമൻ പാപ്പ

(267-ാമത് പാപ്പ)
കത്തോലിക്കാ തിരുസ്സഭയുടെ പരമാധ്യക്ഷനും
റോമ രൂപതയുടെ മെത്രാനും
വത്തിക്കാൻ സിറ്റിയുടെ രാഷ്ട്രത്തലവനും

## ആദ്യ കൂടിക്കാഴ്ചയിൽ രൂപതയുടെ സ്നേഹസമ്മാനം
## അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്
## പരിശുദ്ധ ലിയോ പാപ്പായ്ക്ക് സമ്മാനിച്ചപ്പോൾ





# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2025 JUNE

Registered Newspaper, Reg. No. KERMAL/2008/24745

VOL.18 ▪ No.06

EDITORIAL BOARD

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Dr. Fr. Chacko Puthenparembil**
**Mr. Thomas Williams**
**Sr. Jeanine CSST**

Circulation Manager
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| 04 | എഡിറ്റോറിയൽ |
| 06 | സർക്കുലർ |
| 10 | സർക്കുലർ |
| 13 | പുതിയ പാപ്പായിലൂടെ രണ്ടു വെളിപ്പെടുത്തലുകൾ |
| 15 | സ്പെഷ്യൽ കളക്ഷൻ 2024 |
| 20 | ലിയോ 14-ാമൻ പാപ്പ |
| 26 | ഇടവക വാർത്തകൾ |
| 30 | വി.എസ്.എസ്.എസ്. വാർത്തകൾ |




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at **Good Shepherd Press**, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

Editorial

# ജൂൺ : തിരുഹൃദയമാസം

ഈസ്റ്ററും ക്രിസ്മസും കഴിഞ്ഞാൽ നമ്മുടെ ആരാധനാ വത്സരത്തിലെ ഏറ്റവും വിശേഷപ്പെട്ട തിരുനാളുകളാണ് ഈ വർഷം ജൂൺ മാസത്തിൽ 1-ാം തീയതി തുടങ്ങി 29-ാം തീയതി വരെയുള്ള ഞായറാഴ്ചകളിൽ നാം ആഘോഷിക്കുന്നത്. 1-ാം തീയതി നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ. 8-ാം തീയതി - സഭയുടെ ജന്മദിനമായ പെന്തക്കോസ്തു തിരുനാൾ. 15-ാം തീയതി നമ്മുടെ അടിസ്ഥാന വിശ്വാസ രഹസ്യമായ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ. 22-ാം തീയതി സഭയുടെ അടിസ്ഥാനവും കേന്ദ്രവും മകുടവുമായ ദിവ്യകാരുണ്യത്തിന്റെ തിരുനാൾ. എല്ലാത്തിനും മകുടമായി 29-ാം തീയതി ഏറ്റവും പ്രധാന വിശ്വാസ പ്രതീകമായ തിരുഹൃദയത്തിന്റെ തിരുനാൾ. ജൂൺ മാസം മുഴുവനും തന്നെ തിരുഹൃദയത്തിന് പ്രത്യേകം പ്ര



തിഷ്ഠിക്കപ്പെട്ട മാസമാണല്ലോ. നമ്മുടെ ഓരോ കുടുംബവും എല്ലാ ഭവനങ്ങളും നാം ഓരോരുത്തരും തന്നെ തിരുക്കുടുംബത്തിന് പ്രത്യേകം പ്രതിഷ്ഠിതമാണ്.

ക്രിസ്തുവിന്റെ അഗാധ സ്നേഹത്തിന്റെയും കരുണയുടെയും ഉറവിടമാണ് അവിടുത്തെ തിരുഹൃദയം. നാം ഏവരുടെയും ഹൃദയം ശരീരത്തിനുള്ളിലാണ്. പലരുടെയും സ്നേഹം ഉള്ളിൽ ഒരുക്കി വച്ചിരിക്കുന്നു. ഈശോയുടെ തിരുഹൃദയമോ മുന്നിലാണ്. പുറത്താണ് സ്നേഹം അതിന്റെ തികവിൽ വെളിപ്പെടുത്തിയത് പകർന്നു തന്നത് കർത്താവാണ് എന്ന് അത് വെളിവാക്കുന്നു. മുൾമുടിയാൽ ചുറ്റപ്പെട്ട് സ്നേഹാഗ്നിയാൽ ജ്വലിക്കുന്ന ഈശോയുടെ തിരുഹൃദയം ത്യാഗോജ്വലമായ സഹനത്തിലൂടെയും മരണത്തിലൂടെ പകർന്നുതന്ന ഒരിക്കലും ഒടുങ്ങാത്ത സ്നേഹാഗ്നിയെ വെളിപ്പെടുത്തുന്നു. കുന്തത്താൽ കുത്തി തുറക്കപ്പെട്ട ഹൃദയം തന്നെ കാരുണ്യത്തിലേക്കും സൗഖ്യത്തിലേക്കും മാടി വിളിക്കുന്ന തുറന്ന ഹൃദയമാണ്. ആ മുറിവിലൂടെ ഒഴുകിവരുന്ന രക്തവും വെള്ളവും നമ്മെ രക്ഷിക്കുകയും ആത്മാവിനാൽ അഭിഷേകം ചെയ്യുകയും ചെയ്യുന്ന ദിവ്യബലിയുടെയും ജ്ഞാനസ്നാനത്തിന്റെയും അനുഭവമേകുന്നു. 17-ാം നൂറ്റാണ്ടിൽ വിശുദ്ധ മാർഗ്രറ്റ് മരി അലക്കോക്കിലൂടെ പ്രത്യേകം വിളംബരം ചെയ്യപ്പെട്ട തിരുഹൃദയഭക്തി ഒരു ദിനത്തിന്റെ ആഘോഷത്തിലോ ഒരു മാസത്തിന്റെ ആചരണത്തിലോ ഒതുങ്ങിപ്പോകരുത്. അത് നമ്മുടെ ജീവിതത്തിന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ലോകത്തിന്റെയും കേന്ദ്രമാകണം. തിരുഹൃദയത്തിൽ ജ്വലിച്ചുയരുന്ന സ്നേഹാഗ്നി നമ്മുടെ ഹൃദയങ്ങളിലും ഉജ്വലിക്കണം ആ ഹൃദയം പോലെ നമ്മുടെ ഹൃദയങ്ങളെ ഏവരുടെയും, വിശേഷിച്ച് വേദനിക്കുന്നവരുടെയും നേരെ തുറക്കപ്പെട്ടതാകണം. അനുഗ്രഹം ചൊരിയാനും രക്ഷ ആവശ്യമായവരെ രക്ഷകനിലേക്കാകർഷിക്കാനും, നമ്മുടെ കുടുംബങ്ങളിലും ഭവനങ്ങളിലും കൂട്ടായ്മകളിലും ആ സ്നേഹം പ്രസരിക്കണം. നമ്മുടെ വാക്കുകളിലൂടെയും പെരുമാറ്റങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ബന്ധങ്ങളിലൂടെയും ശുശ്രൂഷകളിലൂടെയും അത് അനുഭവവേദ്യമാക്കണം. അങ്ങനെ തിരുഹൃദയത്തിന്റെ അവതാരങ്ങളും ഉപകരണങ്ങളും സാക്ഷികളുമായി നാം ജീവിക്കണം. അതു മാത്രമേ ലോകത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരമാകൂ. പരിഹാരമേകൂ.

*പത്രാധിപർ*

VIJAYAPURAM DIOCESAN BULLETIN

Diocese of Vijayapuram

CIRCULAR LETTER

Vol. X1X • No.3 • May 2025

# നമ്മുടെ മൈനർ സെമിനാരിയുടെ സുവർണ്ണ ജൂബിലി

വന്ദ്യവൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

നമ്മുടെ രൂപതയുടെ വൈദിക പരിശീലന കേന്ദ്രമായ ഇൻഫന്റ് ജീസ്സസ് മൈനർ സെമിനാരി സ്ഥാപിതമായിട്ട് 50 വർഷം പൂർത്തിയായിരിക്കുകയാണ്. സുവർണ്ണ ജൂബിലിയുടെ ഈ മഹനീയ സന്ദർഭത്തിൽ സെമിനാരിയിലൂടെ നൽകപ്പെട്ട നിസ്സീമമായ അനുഗ്രഹങ്ങൾക്ക് സർവ്വേശ്വരനോട് നമുക്കേവർക്കും നന്ദി പ്രകാശിപ്പിക്കാം.

**ചരിത്രപശ്ചാത്തലം**

1930ൽ നമ്മുടെ രൂപത സ്ഥാപിതമായപ്പോൾ വൈദികാർത്ഥികളെ പരിശീലിപ്പിക്കുന്നതിനു മാതൃരൂപതയായ വരാപ്പുഴ അതിരൂപതയുടെ സൗകര്യങ്ങൾ ഉപയോഗിക്കാമെന്ന നിർദേശം പ. സിംഹാസനത്തിൽ നിന്നും നൽകിയിരുന്നു. അതേ കാലഘട്ടത്തിൽ സ്ഥാപിതമായ തിരുവല്ല സീറോ-മലങ്കര കത്തോലിക്ക രൂപത തുടക്കം കുറിച്ച മൈനർ സെമിനാരിയുടെ റെക്ടർ ആയി ചങ്ങനാശ്ശേരി രൂപത വകയായി അക്കാലത്ത് കോട്ടയത്തുള്ള പെറ്റി സെമിനാരിയിലെ വൈസ് റെക്ടർ ആയ ജേക്കബ് വെള്ളരിങ്ങാട്ടച്ചനെ നിയമിച്ചു. ഏതാനും കൊല്ലത്തെ സേവനത്തിനു ശേഷം അദ്ദേഹം തിരുവല്ലായിൽ ഒരു ഹോസ്റ്റൽ ആരംഭിച്ചു. തുടർന്ന് രൂപതയ്ക്കും പുറത്തുമുള്ള മിഷൻ രൂപതകൾക്കും സന്യാസ സഭകൾക്കും ആവശ്യമുള്ള വൈദിക വിദ്യാർത്ഥികൾക്ക് രൂപീകരണം നൽകാനുള്ള ഒരു കേന്ദ്രം ആവശ്യമാണെന്ന് മനസ്സിലാക്കിയ വെള്ളരിങ്ങാട്ടച്ചൻ കെട്ടിടത്തോടുകുടെയുള്ള ഒരു സ്ഥലം വാങ്ങുന്നതിന് നമ്മുടെ പ്രഥമ മെത്രാൻ ബൊനവൊന്തുര പിതാവിനെ പ്രേരിപ്പിച്ചു. അപ്രകാരം വാങ്ങിയ കെട്ടിടത്തിന് ആവശ്യമായ പരിഷ്ക്കാരങ്ങൾ ചെയ്തു വിജയപുരാലയം എന്ന പേര് നൽകി. മിഷനു വേണ്ടി വൈദികാർത്ഥികളെ രൂപീകരിക്കുന്ന ഈ സ്ഥാപനം മിഷൻ ഹോം എന്ന് വിളിക്കപ്പെട്ടിരുന്നു. ഇതു തീർത്തും ഒരു

സ്വകാര്യ വ്യക്തിയുടെ സംരംഭം ആയി കണ്ടിരുന്നതുകൊണ്ട് അധികം പേരും വേണ്ട പ്രോത്സാഹനം നൽകിയില്ല. ഈ സ്ഥാപനം രൂപതയുടെ മൈനർ സെമിനാരി ആക്കി മാറ്റാമെന്ന നിർദ്ദേശം ബൊനവെന്തൂര പിതാവിനു ആദ്യമൊന്നും സ്വീകാര്യമല്ലായിരുന്നു. എന്നാൽ 1941ൽ നവവൈദികനായിരുന്ന ജോസഫ് കാച്ചപ്പള്ളി അച്ചനെ അഭിവന്ദ്യ പിതാവ് ഈ സ്ഥാപനത്തിന് ഒരു സെമിനാരിക്കു വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിനായി വെള്ളരിങ്ങാട്ടച്ചന്റെ സഹായിയായി നിയമിച്ചു. കാച്ചപ്പള്ളി അച്ചൻ ഒരു നിയമാവലി എഴുതിയുണ്ടാക്കി അഭിവന്ദ്യ പിതാവിന്റെ അംഗീകാരം നേടുകയും തുടർന്ന് ഈ സ്ഥാപനം 1942ൽ ഒരു മൈനർ സെമിനാരിയായി ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു. ഔദ്യോഗികമായ അംഗീകാരം ലഭിച്ചതിനാൽ ഈ സ്ഥാപനത്തിലേക്ക് മറ്റു മെത്രാന്മാരും സന്യാസ അധികാരികളും വൈദിക വിദ്യാർത്ഥികളെ അയക്കുവാൻ തുടങ്ങി. രൂപതയുടെ മൈനർ സെമിനാരിക്കു മെത്രാന്റെ നിരന്തര കരുതൽ ആവശ്യമാണെന്ന ബോധ്യത്താൽ 1945 മെയ് 10-ാം തീയതി കോട്ടയത്തുള്ള ഹോളി ഫാമിലി കോമ്പൗണ്ടിലുള്ള കെട്ടിടത്തിലേക്കു സെമിനാരി മാറ്റുകയുണ്ടായി. അഭിവന്ദ്യ പിതാവ് കൂടെക്കൂടെ സെമിനാരി സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊണ്ടിരുന്നു. മാത്രമല്ല വികാരി ജനറൽ ഫ. കാർമ്മൽ ocd യെ അവിടെ താമസിപ്പിക്കുകയും ചെയ്തു.

1951-ൽ നമ്മുടെ രണ്ടാമത്തെ മെത്രാനായ ഭാഗ്യസ്മരണർഹനായ അംബ്രോസ് പിതാവിന്റെ അനുവാദത്തോടെ മിഷൻ ഹോം വെള്ളരിങ്ങാട്ടച്ചന്റെ സ്വദേശമായ പാലായിലേക്ക് മാറ്റി. അതേത്തുടർന്ന് 1951 ജൂൺ 26-ാം തീയതി അംബ്രോസ് പിതാവ് രൂപതക്കുവേണ്ടി ഹോളി ഫാമിലി കോമ്പൗണ്ടിൽ തന്നെ ഇൻഫെന്റ് ജീസസ് മൈനർ സെമിനാരി ഉദ്ഘാടനം ചെയുകയും പ്രഥമ റെക്ടർ ആയി ജോർജ് മനക്കിൽ അച്ചനെ നിയമിക്കുകയും ചെയ്തു. അടുത്ത അദ്ധ്യയ വർഷം സെമിനാരി മെത്രാസന മന്ദിരത്തോട് കൂട്ടിച്ചേർക്കുകയും ശവരിമുത്തച്ചനെ പുതിയ റെക്ടർ ആയി നിയമിക്കുകയും ചെയ്തു. മെത്രാസന മന്ദിരത്തോട് ചേർന്നു മൈനർ സെമിനാരിക്കുള്ള പുതിയ കെട്ടിടം അംബ്രോസ് പിതാവ് 1953 ജൂൺ 1-ാം തീയതി വെഞ്ചെരിച്ചു ഉദ്ഘാടനം നടത്തി. ഗ്രിഗറി പട്ടമന അച്ചനെ റെക്ടർ ആയി നിയമിച്ചു. പിന്നീട് 1957 വരെ മംഗലപ്പുഴ സെമിനാരിയിൽ ഉണ്ടായിരുന്ന മാർസലിൻ ocd അച്ചന് സെമിനാരിയുടെ ഉത്തരവാദിത്വം നൽകി. അതിനുശേഷം മംഗലപ്പുഴ സെമിനാരിയിൽ നിന്നുള്ള വൈദീകവിദ്യാർത്ഥികളുടെ സഹായത്താൽ പിതാവു തന്നെ സെമിനാരിയുടെ ചുമതല ഏറ്റെടുത്തു. 1962-ൽ അഭിവന്ദ്യ പിതാവ് രണ്ടാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുക്കാൻ പോയപ്പോൾ പിതാവ് തോമസ് മറ്റത്തിൽ അച്ചനെ റെക്ടർ ആയി നിയമിച്ചു.

**ഇപ്പോഴത്തെ സെമിനാരി കെട്ടിടം**

നമുക്കേവർക്കും പ്രിയങ്കരനായ കൊർണേലിയുസ് ഇലഞ്ഞിക്കൽ പിതാവ് 1971-ൽ രൂപതയുടെ ഉത്തരവാദിത്വം ഏറ്റെടുത്തപ്പോൾ അദ്ദേഹം

മുഖ്യ പരിഗണന നൽകിയത് എല്ലാ സൗകര്യങ്ങളുമുള്ള ഒരു മൈനർ സെമിനാരിക്കായിരുന്നു. അതിനായി കീഴുക്കുന്നിലുള്ള രൂപതവക സ്ഥലത്ത് 1973 ജനുവരി 1-ാം തീയതി പുതിയ സെമിനാരി കെട്ടിടത്തിനുള്ള ശിലാസ്ഥാപനം നടത്തി. തുടർന്ന് 1974 ജൂൺ 1-ാം തീയതി വെഞ്ചെരിപ്പുകർമ്മം നടത്തുകയും മറ്റത്തിലച്ചനെ റെക്ടർ ആയി തുടരാൻ അനുവദിക്കുകയും ചെയ്തു. ഭാഗ്യസ്മരണർഹാനായ പീറ്റർ തുരുത്തിക്കോണം പിതാവ് മൈനർ സെമിനാരിയെ തന്റെ നെഞ്ചോട് ചേർത്ത് വച്ച് അതിന്റ പുരോഗമനത്തിനായി എല്ലാ സഹായങ്ങളും നൽകി. ഈ സെമിനാരി അൻപതു വർഷം ഇപ്പോൾ പിന്നിട്ടിരിക്കുകയാണ്. ഇവിടെനിന്ന് രൂപീകരണം സിദ്ധിച്ച അനേകം വൈദികർ ഇന്ന് ശുശ്രുഷ ചെയുന്നുണ്ട്. അനേകം പിതാക്കന്മാരുടെ, വൈദികരുടെ, സന്യസ്ഥരുടെ, അധ്യാപകരുടെ, ഉപകാരികളുടെ ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും പരിണിതഫലമാണ് ഈ സെമിനാരി എന്ന സത്യം നാം മനസിലാക്കുന്നു. നമ്മുടെ സന്തോഷം പ്രാർത്ഥിച്ചും ദൈവത്തെ സ്തുതിച്ചും കൃതജ്ഞതാ ബലി അർപ്പിച്ചും പ്രകടമാക്കാം. ജൂബിലി ആഘോഷങ്ങൾ 2025 മെയ് 11, 12 തീയതികളിലായി നടത്തുമെന്ന വിവരം ഏവരെയും സസ്നേഹം അറിയിച്ചുകൊള്ളുന്നു. നമുക്ക് നല്ല വൈദികരെ പ്രദാനം ചെയ്ത കാരുണ്യവാനായ സർവേശ്വരന് നന്ദി പറയുവാനുള്ള അവസരമായി ഇതിനെ പരിഗണിക്കണമെന്ന് നമ്മുടെ രൂപതാ മക്കൾ ഓരോരുത്തരോടും ഞാൻ താല്പര്യപൂർവം അഭ്യർത്ഥിക്കുകയും മെയ് 11, 12 തീയതികളിലെ ആഘോഷങ്ങളിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുകയും ചെയുന്നു.

**ആഘോഷ പരിപാടികൾ:**

2025 മെയ് 11- ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് നമ്മുടെ രൂപതയിലെ സെമിനാരിക്കാരുടെയും വൈദികരുടെയും മാതാപിതാക്കളുടെയും സമ്മേളനം സംഘടിപ്പിച്ചിച്ചുണ്ട്. രൂപതയിൽ നിന്നുള്ള സന്യസ്ത വൈദികരുടെ മാതാപിതാക്കൾക്കും പങ്കെടുക്കാവുന്നതാണ്. 11.30ന് ആലപ്പുഴ മെത്രാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ നേതൃത്വത്തിൽ ദിവ്യബലിയും വൈകുന്നേരം നാലരമണിക്ക് സെമിനാരിയിൽ നിന്നും വിമലഗിരി കാത്തീഡ്രലിലേക്ക് പ. കുർബാനയുടെ പ്രദക്ഷിണവും നടത്തപ്പെടുന്നതാണ്. പ്രദക്ഷിണത്തിൽ കോട്ടയം, പട്ടിത്താനം, തിരുവല്ല, മുണ്ടക്കയം, മുവാറ്റുപുഴ മേഖലകളിൽ നിന്നും കഴിയുന്നത്ര ജനങ്ങളെ പങ്കെടുപ്പിക്കുവാൻ ബ. വികാരി അച്ചന്മാരും സുപ്പീരിയർമാരും പ്രത്യേകം പരിശ്രമിക്കണമെന്ന് താല്പര്യപ്പെടുന്നു. കൂടാതെ ഈ വർഷം പ്രഥമ ദിവ്യകാരുണ്യം-സ്ഥൈര്യലേപനം സ്വീകരിച്ച കുട്ടികളും, വി. വിൻസെന്റ് ഡി പോൾ, ലീജിയൻ ഓഫ് മേരി, ചെറുപുഷ്പ മിഷൻ ലീഗ്, യുവജനങ്ങൾ എന്നിവരും തങ്ങളുടേതായ യൂണിഫോം ധരിച്ചു പങ്കെടുക്കേണ്ടതാണ്. പ്രദക്ഷിണം കത്തീഡ്രൽ അങ്കണത്തിലെത്തുമ്പോൾ സ്പെയിനിലെ വിത്തോറിയ രൂപതയുടെ മെത്രാൻ അഭിവന്ദ്യ ജോൺ കാർലോസ് പിതാവ് പരിശുദ്ധ കുർബാനയുടെ ആശീർവാദം നൽകും. അതിനുശേഷം പൊ

തുസമ്മേളനവും ആദരിക്കൽകർമവും സെമിനാരി വിദ്യാർത്ഥികളുടെ ലഘു കലാപരിപാടികളും ഉണ്ടായിരിക്കും. 12-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിക്കാണ് നമ്മുടെ എല്ലാ വൈദികരും ജസ്റ്റിൻ പിതാവും ജോൺ കാർലോസ് പിതാവും സഹകാർമികരായി ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി അർപ്പിച്ചു പ. ത്രീത്വത്തിന് കൃതജ്ഞതാ പ്രകാശിപ്പിക്കുന്നത്. ഭക്ഷണ-താമസ സൗകര്യങ്ങൾ ക്രമികരിക്കുന്നതിന് പങ്കെടുക്കുന്നവരുടെ വിവരങ്ങൾ കഴിയുന്നതും വേഗം കൂരിയായിലോ കമ്മിറ്റി അംഗങ്ങളെയോ അറിയിക്കുവാൻ ശ്രദ്ധിക്കണേ. ജുബിലീ ആത്മീയ ആനന്ദത്തിന്റെ അവസരമാണ്. സങ്കീർത്തകനോടൊത്തു ഏറ്റു പറയാം: "കർത്താവ് ഒരുക്കിയ ദിവസമാണിന്നു; ഇന്ന് സന്തോഷിച്ചു ഉല്ലസിക്കാം" (സങ്കീ. 118/24). ഇശോ നമുക്ക് ഉറപ്പു നൽകുന്നു"ഇതു ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടി കൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനും വേണ്ടിയാണ്"(യോഹ. 15/11). നാം ഒന്ന് ചേർന്നു പ. വിമലഗിരി മാതാവിന്റെ സവിധേ സ്നേഹം പങ്കുവക്കുവാനുള്ള സമയമാണ്. ആത്മീയ അഭിഷേകത്തിനായി ആത്മാർത്ഥമായി ഒരുങ്ങാം. വി. പൗലോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു: "എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ, ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ"(1 തെസ്. 5/16-18). ഒരിക്കൽ കുടി എല്ലാവരെയും ജൂബിലി ആഘോഷങ്ങളുടെ നിറവിലേക്കു പ്രാർത്ഥനപൂർവം സ്വാഗതം ചെയുന്നു.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരേയും ആശീർവദിച്ചുകൊള്ളുന്നു.

കോട്ടയം
02-05-2025

✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ
വിജയപുരം മെത്രാൻ

NB: ഈ സർക്കുലർ 2025 മെയ് 04 ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

---

## പരേതരെ സ്മരിക്കാം — ജൂൺ

| | | |
|---|---|---|
| 02 | (1993) | ഫാ. ലൂയിസ് മേരി ഒ.സി.ഡി |
| 03 | (1995) | ഫാ. ഫ്രാൻസിസ് കുരുതുകുളം |
| 17 | (1982) | ഫാ. പീറ്റർ കുട്ടംപറമ്പിൽ (സി.) |
| 17 | (2000) | ഫാ. സെബാസ്റ്റ്യൻ മുണ്ടഞ്ചേരി ഒ.സി.ഡി. |
| 17 | (2000) | ഫാ. ആന്റണി കൊടുവേലിപറമ്പിൽ ഒ.സി.ഡി. |
| 20 | (1984) | ഫാ. പയസ് മേരി ഒ.സി.ഡി. |
| 20 | (2020) | ഡോ. ഫ്രാൻസിസ് പാറവിള |
| 25 | (1983) | ഫാ. യൂജിൻ ഒ.സി.ഡി. |



VIJAYAPURAM DIOCESAN BULLETIN

Diocese of Vijayapuram

CIRCULAR LETTER

Vol. X1X • No.4 • May 2025

## പരി. ലിയോ പതിനാലാമൻ പാപ്പായ്ക്ക് സുസ്വാഗതം

### സ്ഥാനാരോഹണം മെയ് 18, 2025

ഇശോയിൽ പ്രിയപ്പെട്ട മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, യുവജനങ്ങളേ, വാത്സല്യം നിറഞ്ഞ കുഞ്ഞുങ്ങളേ, ബഹു. സന്യസ്തരേ, വൈദികരേ,

ലോകത്തെയും നമ്മെ ഓരോരുത്തരെയും ആനന്ദത്തിൽ ആറാടിച്ച വാർത്തയാണല്ലോ ഇക്കഴിഞ്ഞ മെയ് എട്ടാം തീയതി അത്യുന്നത കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് കാത്തോലിക്കാസഭയുടെ 267-മത് പാപ്പയായി തെരെഞ്ഞെടുക്കപ്പെട്ടത്. പരി. ഫ്രാൻസിസ് പാപ്പയോടുള്ള പ്രത്യേക സ്നേഹം കൊണ്ടായിരിക്കണം അദ്ദേഹത്തിന്റെ പിൻഗാമി ആരായിരിക്കും എന്ന പതിവിലും വലിയ ആകാംക്ഷ ലോകത്തിനു ഉണ്ടായത്. പരി. ഫ്രാൻസിസ് പാപ്പായുടെ ലാളിത്യവും വിനയവും സിനഡാത്മക ശൈലിയും പരിപോഷിപ്പിക്കുന്ന ഒരു പിതാവാണോ അതോ തീർത്തും യാഥാസ്ഥികനായിരിക്കുമോ അദ്ദേഹം എന്ന സന്ദേഹം അനേകം പേർക്ക് ഉണ്ടായിരുന്നു. ഒരു നല്ല പാപ്പായ്ക്ക് വേണ്ടി ലോകം ആത്മാർത്ഥമായി പ്രാർത്ഥിച്ചു. കർദിനാളന്മാരുടെ പാണ്ഡിത്യവും കഴിവും ജനകീയതയും പരിഗണിച്ചുകൊണ്ട് മാദ്ധ്യമങ്ങൾ സാധ്യതാ പട്ടികകൾ തയ്യാറാക്കി. ഒരു അമേരിക്കൻ കർദ്ദിനാൾ ആരുടെയും ചിന്തയിൽപോലും കടന്നുവന്നിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ ഏവരെയും അത്ഭുതപ്പെടുത്തുന്ന ഫലമാണ് കോൺക്ലേവ് നൽകിയത്. കാരണം ഒന്ന് മാത്രം: സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. സഭയ്ക്ക് ജീവനും ഊർജ്ജവും നൽകുന്നത് ദൈവത്തിന്റെ ആത്മാവാണ്. മറ്റെന്തിനേക്കാളും നാം എല്ലാക്കാര്യങ്ങളിലും ആശ്രയിക്കേണ്ടത് പരിശുദ്ധ കുർബാനയിലാണ് എന്നു നമുക്കറിയാം. പരിശുദ്ധ അമ്മയുടെയും സകല വിശുദ്ധരുടെയും മാധ്യസ്ഥമാണ് നാം തേടേണ്ടതും. ലോകം മുഴുവനും ഒരു നല്ല ഇടയനെ ലഭിക്കാൻ വേണ്ടി അവയെല്ലാം ചെയ്തു. അതിന്റെ പരിണിതഫലം നാം കാണുകയും ചെയ്തു. നമുക്ക് ആനന്ദിക്കാം ആഹ്ലാദിക്കാം, പ. ത്രിത്വത്തെ ആരാധിക്കാം.

**ലഘുജീവചരിത്രം**

1955 സെപ്റ്റംബർ 14 ാം തീയതി അമേരിക്കയിൽ ഇല്ലിനോയ്സ് സം

സ്ഥാനത്തെ ചിക്കാഗോയിലാണ് പരി. പിതാവിന്റെ ജനനം. അദ്ദേഹത്തിന് മൂത്ത രണ്ടു സഹോദരന്മാരാണ് ഉള്ളത്. 1977 ൽ അദ്ദേഹം അഗസ്റ്റീനിയൻ സഭയിൽ ചേർന്ന്, 1981-ൽ നിത്യവ്രത വാഗ്ദാനം നടത്തി. വില്ലാനോവ യൂണിവേഴ്സിറ്റിയിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദവും ചിക്കാഗോ കത്തോലിക്കാ തിയോളജിക്കൽ കോളേജിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും റോമിലെ സെന്റ് തോമസ് അക്വിനാസ് പൊന്തിഫിക്കൽ കോളേജിൽ നിന്ന് തിരുസഭാ നിയമത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. അഗസ്റ്റീനിയൻ സഭയുടെ പെറുവിലെ സുവിശേഷപ്രക്രിയയിൽ അദ്ദേഹം സജീവമായിരുന്നു. 1999 ൽ അദ്ദേഹം ചിക്കാഗോയിലെ Mother of God അഗസ്റ്റിനിയൻ പ്രൊവിൻസിന്റെ പ്രീയോർ ആയി. അദ്ദേഹത്തിന്റെ അപാരമായ ആത്മീയ വിശുദ്ധിയും ഭരണപാടവവും തിരിച്ചറിഞ്ഞ അഗസ്റ്റീനിയൻ ഓർഡർ രണ്ടു പ്രാവശ്യം(2001ലും – 2013ലും) അദ്ദേഹത്തെ പ്രീയോർ സുപ്പീരിയർ ജനറൽ ആയി നിയമിച്ചു. 2015ൽ പ. ഫ്രാൻസിസ് പാപ്പ അദ്ദേഹത്തെ പെറുവിലെ ചിക്ലയോ രൂപതയുടെ മെത്രാനായി നിയമിച്ചു. 2023 ൽ പരി. ഫ്രാൻസിസ് പാപ്പ അദ്ദേഹത്തെ കർദ്ദിനാളായും, ബിഷപ്പുമാരുടെ ഡിക്കാസ്റ്ററിയുടെ പ്രസിഡന്റായും ഉയർത്തി. അങ്ങനെ അദ്ദേഹം പരി. സിംഹാസനത്തിലെ എണ്ണപ്പെട്ട വ്യക്തികളിൽ ഒരാളായി മാറി. ശാന്തസ്വഭാവക്കാരനായിരുന്നതുകൊണ്ട് മാധ്യമപ്രവർത്തകരുടെ ശ്രദ്ധയിൽപ്പെട്ടില്ലന്ന് മാത്രം. അദ്ദേഹത്തിന്റെ ഈ ഉന്നത സ്ഥാനലബ്ധിയിൽ നമ്മുടെ സന്തോഷം ഇരട്ടിയാകുന്നതിന്റെ കാരണം രണ്ടു പ്രാവശ്യം അദ്ദേഹം നമ്മുടെ നാട് പ്രത്യേകിച്ച് വരാപ്പുഴ അതിരൂപത സന്ദർശിച്ചു എന്നതാണ്.

**ലിയോ പതിനാലാമൻ**: എന്തുകൊണ്ട് ഈ നാമം സ്വീകരിച്ചു എന്ന് പരി. പിതാവ് വ്യക്തമാക്കുന്നുണ്ട്. തൊഴിലാളികളുടെ മാഗ്നകാർട്ട എന്ന് വിളിക്കപ്പെടുന്ന റേരും നൊവാരും എന്ന ചാക്രിക ലേഖനം പുറപ്പെടുവിച്ചത് ലിയോ പതിമൂന്നാമൻ പാപ്പാ ആയിരുന്നു. അന്ന് ലോകവും സഭയും അഭിമുഖീകരിച്ച ഏറ്റവും വലിയ പ്രശ്നം തൊഴിലാളികളുടെ ദുരവസ്ഥയായിരുന്നു. തൊഴിലിന്റെ മഹാത്മ്യം, തൊഴിലാളികളുടെ അന്തസ്സ്, നീതിപൂർവ്വകമായ വേതനം തുടങ്ങിയ മൂല്യങ്ങൾ സംരക്ഷിക്കണം എന്ന് പരി. പിതാവു ഉദ്ബോധിപ്പിച്ചു. പാർശ്വവത്കരിക്കപ്പെട്ടവരോടു സ്നേഹം കാണിക്കണം, പ്രവാസികളെ ചേർത്തുപിടിക്കണം ലോകത്തുള്ള എല്ലാ മനുഷ്യരും ആദരിക്കപ്പെടണം, സഭയുടെ സിനഡാത്മക സ്വഭാവം നിലനിർത്തണം എന്ന പരി. ഫ്രാൻസിസ് പാപ്പയുടെ ആദർശങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, ലോകം ഇപ്പോൾ നേരിടുന്ന നിർമിത ബുദ്ധിയുടെ അതിസ്വാധീനത്തെ വിവേകത്തോടെ കൈകാര്യം ചെയ്യുവാനുള്ള ഇച്ഛാശക്തി നേടേണ്ടതുണ്ട് എന്നാണ് പരിശുദ്ധ ലിയോ പാപ്പായുടെ കാഴ്ചപാട്. ലിയോ പതിമുന്നാമൻ പാപ്പയെ പോലെ ആധുനിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ് തന്റെ അജപാലന ദൗത്യം എന്ന് ഈ നാമം സ്വീകരിക്കുന്നതുകൊണ്ട് ലിയോ പതിനാലാമൻ പാപ്പാ വ്യക്തമാക്കുന്നു.

**സ്ഥാനാരോഹണം– 2025 മെയ് 18ന്**

പത്രോസിനടുത്ത തന്റെ അജപാലന ശുശ്രൂഷയുടെ ഔദ്യോഗിക ആരംഭം പാപ്പാ ലിയോ പതിനാലാമൻ കുറിക്കുന്നത് സെന്റ് പീറ്റേഴ്സ് ചത്വുരത്തിൽ വച്ച് പരിശുദ്ധബലി അർപ്പിച്ചുകൊണ്ടാണ്. പെസഹാ കാലത്തിലെ അഞ്ചാമത്തെ ഞായറാഴ്ചയായ അന്ന് നമ്മുടെ എല്ലാ ദൈവാലയങ്ങളിലും കപ്പേളകളിലും പ. പാപ്പായ്ക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥനകൾ നടത്തണമെന്ന് എല്ലാ വൈദികരോടും ബന്ധപ്പെട്ടവരോടും സസ്നേഹം അഭ്യർത്ഥിക്കുന്നു. ദിവ്യബലിക്കു മുമ്പോ ശേഷമോ പേപ്പൽ പതാക ഉയർത്തുകയും പാപ്പാ മംഗളം ആലപിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും. പരി. പിതാവിനു വേണ്ടി പ്രാർത്ഥിച്ചതിനും വീണ്ടും പ്രാർത്ഥിക്കുന്നതിനും എല്ലാവർക്കും ഈ അവസരത്തിൽ ആത്മാർത്ഥമായ നന്ദി രേഖപെടുത്തുന്നു.

പരി. വിമലഗിരി മാതാവിന്റെ മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട് നിങ്ങളേവരേയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിച്ചുകൊള്ളുന്നു.

✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ
വിജയപുരം മെത്രാൻ

NB: ഈ സർക്കുലർ 2025 മെയ് 18 ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

## ജന്മദിനാശംസകൾ




**ജൂൺ**

| | |
|---|---|
| 01 | ഫാ. അനീഷ് ഒ.എഫ്.എം ക്യാപ് |
| 03 | ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട് |
| 04 | ഫാ. പീറ്റർ പാലയ്ക്കൽ |
| 05 | ഫാ. വർഗീസ് മറ്റുപ്പിള്ളിൽ |
| 06 | ഫാ. ജോസഫ് പൂവത്തുകാട് |
| 07 | ഫാ. ജോൺ വിയാനി മറ്റുപ്പിള്ളിൽ |
| 10 | ഫാ. പീറ്റർ നെൽസൺ |
| 14. | ഫാ. അൽഫോൻസ് ചക്കാലയ്ക്കൽ |
| 16 | ഫാ. അഗസ്റ്റിൻ കല്ലറയ്ക്കൽ |
| 17 | ഫാ. വിക്ടർ ജോർജ്ജറ്റ് മേജർ |
| 21 | ഫാ. ഇമ്മാനുവൽ ചെമ്പാറ |
| 25 | ഫാ. ജോർജ് പുത്തൻപറമ്പിൽ |
| 25 | ഫാ. ജോസഫ് കാനപ്പിള്ളി |
| 28 | ഫാ. തോമസ് പഴവക്കാട്ടിൽ |
| 30 | ഫാ. ജോൺസൺ ഒറ്റത്തെങ്ങുങ്കൽ |





# പുതിയ പാപ്പായിലൂടെ രണ്ടു വെളിപ്പെടുത്തലുകൾ

**ജസ്റ്റിൻ ബ്രൂസ്**

നവലോകത്തിന്റെ ഹൃദയസ്പന്ദനങ്ങൾ നെഞ്ചേറ്റിയ ഒരു ഇടയൻ ലെയോ 14-ാം മൻ എന്ന പേരിൽ ആഗോള സഭയുടെ അമരത്ത് നിയോഗിക്കപ്പെട്ടപ്പോൾ രണ്ടു കാര്യങ്ങൾ ലോകം തൊട്ടറിഞ്ഞു.

**ഒന്ന് :** അടുത്ത പാപ്പായെ പ്രവചിച്ചുകൊണ്ടും ഭാവനാ ചിത്രങ്ങൾ പ്രചരിപ്പിച്ചും അരങ്ങുവാണ ലോക മാധ്യ വിശാരദന്മാർ നടത്തിയ ഊഹകണക്കുകൾ അപ്രസക്തമായി. ഭൂമിയിലെ സങ്കല്പങ്ങളല്ല, അത്യുന്നതങ്ങളിൽ പരിശുദ്ധാരൂപിയുടെ പ്രകാശനങ്ങളാണ് മാർപാപ്പായുടെ തെരഞ്ഞെടുപ്പിൽ പ്രകടമാകുന്നത് എന്ന് ഒരിക്കൽ കൂടി ലോകത്തിനു മുൻപിൽ വെളിപ്പെട്ടു. മറ്റൊരർത്ഥത്തിൽ പറയട്ടെ, ദൈവം കാത്തുവെച്ച നല്ല വീഞ്ഞ് അവിടുന്നു തന്നെ പകർന്നു തന്നു.

യു.എസി.ൽ നിന്നുള്ള കർദ്ദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രവെസ്റ്റെ മാധ്യമങ്ങളുടെ സാധ്യതാ പട്ടികയിലൊന്നും ഇടം നേടിയിരുന്നില്ല. ആരും കാണാതിരുന്നതിനെ പരിശുദ്ധാത്മാവ് കണ്ടെത്തി.

**രണ്ട് :** ക്രൈസ്തവസഭയുടെയും ലോക സാമൂഹ്യ ക്രമത്തിന്റെയും ചിന്താസരണിയിൽ വിപ്ലവകരമായ വഴിമാറ്റത്തിന് തിരി തെളിച്ച ലെയോ 13-ാമന്റെ പേര് സ്വീരികരിച്ചതിലൂടെ പുതിയ പാപ്പാ തന്റെ സഞ്ചാരപഥം ലോകത്തോടുവെളിപ്പെടുത്തി. 'റേരും നൊവാരും' എന്ന 1891 ലെ ലെയോ പാപ്പായുടെ ചാക്രികലേഖനം സഭയുടെ സാമൂഹ്യ- മാനവിക ദർശനങ്ങളിൽ വരുത്തിയ ഉൾക്കാഴ്ചകളും സൂചനകളും ഇന്നും പ്രസക്തമാണെന്ന് വിളിച്ചോതുന്നതാണ് പേപ്പസിയുടെ തുടക്കത്തിൽ തന്നെ ലെയോ 14-ാമൻ ലോകത്തിനു നൽകുന്ന സന്ദേശം.

വ്യവസായ വിപ്ലവത്തിന്റെ കുത്തൊഴുക്കിൽ വരിഞ്ഞുമുറക്കപ്പെട്ട തൊഴിലാളി വർഗത്തിന് മാർക്സിസത്തിൽ നിന്ന് വേറിട്ടൊരു മോചന മാർഗ്ഗമായിട്ടാണ് 'റേരും നൊവാരും' വിലയിരുത്തപ്പെട്ടത്. തൊഴിലാളി വർഗ്ഗത്തിന്റെ അവകാശ പത്രിക എന്നും, ലേഖനം വിശേഷിപ്പിക്കപ്പെട്ടു. അന്നേയ്ക്ക് കാൽനൂറ്റാണ്ടു മുൻപ് മാർക്സ് രചിച്ച മൂലധനമല്ല, ക്യാപ്പിറ്റലിസ്റ്റ് ശക്തികളുടെ മേൽക്കോയ്മയിൽ നിന്നും തൊഴിലാളിയുടെയും, ദരിദ്രന്റെയും മോചനത്തിനുള്ള യഥാർത്ഥമാർഗ്ഗമെന്ന് ചാക്രിക ലേഖനം തുറന്നടിച്ചു. ഈശ്വര വിശ്വാസത്തെ നിഷേധിച്ചും വ്യക്തി സ്വാതന്ത്ര്യത്തെ തള്ളിപ്പറഞ്ഞുമുള്ള സോഷ്യലിസ്റ്റ് പാത ആത്യന്തികമായി മനുഷ്യനന്മ കൈവരുത്തുകയില്ലെന്നു ലേഖനം ഊന്നിപ്പറഞ്ഞു. പ്രവചന പൂർത്തികരണമെന്നപ്പോലെ ഒരു നൂറ്റാണ്ടു പൂർത്തിയായപ്പോൾ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം അപ്രസക്തമാകുന്നത് ലോകം കണ്ടു.

ചരിത്രം ആവർത്തിക്കപ്പെടുന്നു. നവ സാങ്കേതിക വിദ്യയുടെയും എ.ഐ. (കൃത്രിമബുദ്ധി) വിപ്ലവത്തിന്റെയും നീരാളിപ്പിടുത്തത്തിൽ നിന്നും സാധാരണ ജനതയുടെ മോചനത്തിന് റേരും നൊവാരും പുനർ വായിക്കപ്പെടണമെന്നാണ് ലെയോ എന്നു പേര് സ്വീകരിച്ചുകൊണ്ട് പുതിയ പാപ്പാ ലോകത്തോടു പറയുന്നത്. പാപ്പാ പറഞ്ഞു കൊണ്ടേയിരിക്കുന്നു. പാർശ്വവത്ക്കരിക്കപ്പെട്ടവരോടും ദുർബലരോടും പക്ഷം ചേരുക, വിദ്വേഷത്തോടും യുദ്ധത്തോടും പടവെട്ടുക.

**ലോകത്തിനു ഒന്നുറപ്പുണ്ട്.**
**ഈ പാപ്പാ നിസ്വവർഗ്ഗത്തിന് കാവലാളാകും.**
**യുദ്ധകലുഷിത ലോകത്തിന് സമാധാനദൂതനാകും.**
**വിശ്വാസവഴിയിൽ നവചൈതന്യമാകും.**

---

# കുരിശിന് സാക്ഷ്യം വഹിക്കുക ക്രൈസ്തവ ദൗത്യം

**ബിഷപ്പ് ജസ്റ്റിൻ മഠത്തിൽപറമ്പിൽ**




ജനനം മുതൽ മരണം വരെ കുരിശിനു സാക്ഷ്യം വഹിക്കുകയാണ് ഒരു ക്രൈസ്തവന്റെ പ്രഥമജീവിത ദൗത്യമെന്ന് ബിഷപ്പ് ഡോ ജസ്റ്റിൻ മഠത്തിൽപറമ്പിൽ അനുസ്മരിപ്പിച്ചു. ക്രിസ്തു കുരിശിൽ ചൊരിഞ്ഞ രക്തമാണ് ലോകത്തിന് നവജീവൻ നൽകിയതെന്നും ക്രൂശിതന്റെ മരണത്തോടെയാണ് കുരിശ് ലോകത്തിന്റെ പ്രത്യാശയുടെ അടയാളമായി മാറിയതെന്നും അഭിവന്ദ്യ പിതാവ് പറഞ്ഞു. ചങ്ങനാശേരി മേരി മൗണ്ട് ഇടവക തിരുനാളിനോടനുബന്ധിച്ച് ജുബിലി കുരിശും റോമിൽ നിന്നുള്ള വിശുദ്ധ കുരിശിന്റെ തിരുശേഷിപ്പും അൾത്താരയിൽ പ്രതിഷ്ഠി ച്ച് സംസാരിക്കുകയായിരുന്നു പിതാവ്. തിരുനാൾ തിരുക്കർമ്മങ്ങളിൽ വികാരി ഫാ.മാത്യു ഒഴത്തിൽ, ഫാ.ജോർജ് മനോജ് ലോബോ എന്നിവർ സഹകാർമ്മികരായിരുന്നു. ദൈവാലയത്തിലെത്തിയ പിതാവിന് ഇടവക ജനം സ്നേഹോഷ്മള മായ സ്വീകരണം നൽകി.

# സ്പെഷ്യൽ കളക്ഷൻസ് 2024

## കോട്ടയം സോൺ

| | എപ്പിഫനി | ഹോളി ചൈൽഡ്ഹുഡ് | കമ്മ്യൂണിയോ ഇൻഡ്യ | P.M.A | ഹോളി ലാൻഡ് | വൊക്കേഷൻ | പീറ്റേഴ്സ് പെൻസ് | K.C.Y.M | ജസ്റ്റിസ് സൺഡേ | മിഷൻ സൺഡേ | മാസ്സ് മീഡിയ | K.R.L.C.C | ബൈബിൾ സൺഡേ | ഫാമിലി അപ്പോസ്റ്റലേറ്റ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അമയന്നൂർ | 800 | 1,100 | 1,000 | 26,000 | 1,300 | 1,400 | 1,100 | 1,250 | 1,150 | 24,000 | 1,200 | 1,300 | 800 | 1,000 |
| ചെങ്ങളം | 1,000 | 1,100 | 1,000 | 8,000 | 1,000 | 1,100 | 1,100 | 1,100 | 1,100 | _ | 1,000 | 1,000 | 1,000 | 1,500 |
| കോട്ടയം | 1,670 | 2,400 | 1,760 | _ | 7,000 | 3,870 | 4,800 | 4,150 | 4,400 | 2,25,765 | 3,900 | 3,500 | 3,600 | 3,180 |
| നട്ടാശ്ശേരി | 1,300 | 1,200 | 1,000 | 8,000 | 4,000 | 1,200 | 1,400 | _ | _ | _ | _ | _ | _ | _ |
| കുമരകം | 1400 | 1,500 | 1,400 | 5,000 | 2,000 | 1,400 | 1,200 | 1,100 | 1,300 | 81,360 | 1,200 | 1,500 | 1,500 | 1,500 |
| കുറിച്ചി | 500 | 500 | 500 | 4,000 | 3,000 | 1,000 | 1,000 | 1,500 | 1,000 | 35,000 | 1,000 | 1,000 | 1,000 | 1,000 |
| കുന്നുംഭാഗം | 500 | 500 | 1,800 | 4,000 | 2,000 | 1,800 | 2,000 | 1,500 | 1,700 | 23,700 | 1,000 | 1,250 | 1,500 | 1,000 |
| പുല്ലരിക്കുന്ന് | 540 | 550 | 1,000 | 5,000 | 5,000 | 1,000 | 1,000 | 1,000 | 1,000 | 25,000 | 1,000 | 1,000 | 1,000 | 1,000 |
| പാക്കിൽ | 2,000 | 1,500 | 4,450 | 15,800 | 9,190 | 4,220 | 4,560 | 4,470 | 4,590 | 3,80,000 | 3,850 | 4,450 | 4,600 | 3,880 |
| തിരുവഞ്ചൂർ | 1,800 | 2,000 | 1,200 | 9,298 | 8,200 | 2,200 | 1,200 | 1,250 | 1,250 | 40,100 | 800 | 900 | 1,000 | 1,000 |
| തെള്ളകം | 8,000 | 8,000 | 8,000 | 14,000 | 13,000 | 8,000 | 11,820 | 9,323 | 10,781 | 1,78,228 | 11,533 | 7,447 | 8,778 | 9,240 |
| വടവാതൂർ | 2,000 | 2,200 | 1,000 | 3,000 | 3,000 | 1,700 | 2,000 | 750 | 970 | 83,310 | 935 | 590 | 780 | 700 |
| വേളൂർ | 2,000 | 2,439 | 2,730 | 3,250 | 3,510 | 2,200 | 1,500 | 1,600 | 1,800 | 43,000 | 1,500 | 2,000 | 1,600 | 1,500 |
| മണർകാട് | 2,180 | 2,100 | 1,550 | 11,100 | 6,760 | 1,800 | 1,750 | 1,850 | 1,750 | 31,530 | 1,800 | 1,650 | 1,550 | 1,700 |

## മൂവാറ്റുപുഴ സോൺ

| | എപ്പിഫനി | ഹോളി ചൈൽഡ്ഹുഡ് | കമ്മ്യൂണിയോ ഇൻഡ്യ | P.M.A | ഹോളി ലാൻഡ് | വൊക്കേഷൻ | പീറ്റേഴ്സ് പെൻസ് | K.C.Y.M | ജസ്റ്റിസ് സൺഡേ | മിഷൻ സൺഡേ | മാസ്സ് മീഡിയ | K.R.L.C.C | ബൈബിൾ സൺഡേ | ഫാമിലി അപ്പോസ്റ്റലേറ്റ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ചങ്ങനാശ്ശേരി | 3,000 | 1,800 | 1,000 | 25,000 | 25,000 | 1,300 | 1,500 | 3,000 | 2,000 | 2,45,000 | 2,000 | 2,000 | 2,000 | 2,500 |
| കുന്നന്താനം | 1,445 | 500 | 500 | 2,000 | 500 | 500 | 500 | 500 | 500 | _ | 500 | 500 | 500 | 500 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| മടത്തുംഭാഗം | 3,070 | 3,139 | 3,514 | 6,060 | 6,680 | 2,370 | 3,628 | 4,343 | 4,087 | 29,865 | 2,557 | 2,725 | 2,660 | 2,235 |
| മാരാമൺ | 2,000 | 3,000 | 2,000 | 23,631 | 36,835 | 2,000 | 2,000 | 2,000 | 5,000 | 3,60,000 | 2,500 | 2,500 | 2,500 | 2,500 |
| നെടുമുടി | 1,000 | 500 | 500 | 5,000 | 2,000 | 500 | 500 | 500 | 500 | 40,000 | 500 | 1,000 | 500 | 500 |
| പെരുമ്പെട്ടി | _ | _ | _ | 455 | _ | _ | _ | _ | _ | _ | _ | _ | _ | _ |
| പൂവം | 1,000 | 1,000 | 1,000 | 10,000 | 15,000 | 1,000 | 2,500 | 2,500 | 2,500 | 1,00,000 | 2,500 | 1,600 | 1,600 | 1,600 |
| റാന്നി | 1,000 | 1,000 | 951 | 5,725 | 3,870 | 1,115 | 1,214 | 1,225 | 1,417 | 10,054 | 1,319 | 1,256 | 1,054 | 1,413 |
| തിരുവല്ല | 1,210 | 1,016 | _ | 10,016 | 15,375 | 1,300 | _ | _ | _ | 1,40,350 | _ | _ | _ | _ |
| വൈശ്യംഭാഗം | 2,209 | 2,222 | 500 | 2,000 | 3,000 | 500 | 500 | 500 | 500 | 64,005 | 500 | 500 | 500 | 500 |
| വനവാതുക്കര | 780 | 1,056 | 890 | 8,000 | 3,720 | 750 | 850 | 1,050 | 630 | _ | _ | _ | _ | _ |

## മറയൂർ സോൺ

| | എപ്പിഫനി | ഹോളി ചൈൽഡ്ഹുഡ് | കമ്മ്യൂണിയോ ഇൻഡ്യ | P.M.A | ഹോളി ലാൻഡ് | വൊക്കേഷൻ | പീറ്റേഴ്സ് പെൻസ് | K.C.Y.M | ജസ്റ്റിസ് സൺഡേ | മിഷൻ സൺഡേ | മാസ്സ് മീഡിയ | K.R.L.C.C | ബൈബിൾ സൺഡേ | ഫാമിലി അപ്പോസ്റ്റലേറ്റ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഡിണ്ടികൊമ്പ് | 1,000 | 1,000 | 1,000 | 7,000 | 5,000 | 2,500 | 2,500 | 2,000 | 2,000 | 25,000 | 2,000 | 1,650 | 1,700 | 1,650 |
| മറയൂർ | 2,500 | 2,000 | _ | 25,500 | 7,452 | 2,500 | 2,500 | 2,500 | 2,500 | 2,72,610 | 2,200 | 2,500 | 2,500 | 2,500 |
| കാന്തല്ലൂർ | 800 | 700 | 800 | 7,000 | 4,100 | 2,940 | 3,430 | 1,980 | 3,370 | 55,000 | 3,370 | 2,000 | 2,000 | 2,420 |
| പയസ് നഗർ | 1,200 | 1,250 | 1,150 | _ | 4,850 | 1,100 | 1,200 | 1,150 | 1,250 | 26,200 | 1,100 | 1,200 | 1,200 | 1,250 |
| തലയാർ | 2,300 | 2,400 | 2,150 | 2,600 | 3,000 | 1,820 | 2,030 | 2,215 | 2,115 | 93,000 | 1,255 | 1,500 | 1,525 | 880 |

## പീരുമേട് സോൺ

| | എപ്പിഫനി | ഹോളി ചൈൽഡ്ഹുഡ് | കമ്മ്യൂണിയോ ഇൻഡ്യ | P.M.A | ഹോളി ലാൻഡ് | വൊക്കേഷൻ | പീറ്റേഴ്സ് പെൻസ് | K.C.Y.M | ജസ്റ്റിസ് സൺഡേ | മിഷൻ സൺഡേ | മാസ്സ് മീഡിയ | K.R.L.C.C | ബൈബിൾ സൺഡേ | ഫാമിലി അപ്പോസ്റ്റലേറ്റ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അരണക്കൽ | 2,436 | 2,313 | 1,900 | 20,000 | 3,335 | 2,215 | 2,025 | 1,820 | 2,815 | _ | 1,495 | 1,750 | 1,915 | 1,995 |
| കെ. ചപ്പാത്ത് | 2,000 | 2,000 | 2,000 | 20,000 | 6,000 | 2,000 | 2,000 | 2,000 | 2,000 | 1,10,000 | 2,000 | 1,500 | 2,000 | 2,000 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ചീന്തലാർ | 1,600 | 1,700 | 1,400 | 40,000 | 10,875 | 1,700 | 1,500 | 1,500 | 1,600 | 1,00,000 | 1,600 | 1,700 | 1,600 | 1,700 |
| ഏലപ്പാറ | 4,500 | 5,000 | 3,000 | 13,000 | 14,000 | 5,000 | – | – | – | 2,55,000 | – | – | – | – |
| കട്ടപ്പന | 1,250 | 1,400 | 1,300 | 6,460 | 4,350 | 1,700 | 1,000 | 1,500 | 1,300 | 36,420 | 1,250 | 1,420 | 1,000 | 1,200 |
| കുമളി | 2,000 | 3,000 | 2,000 | 76,050 | 15,370 | 2,000 | 2,000 | 1,500 | 2,000 | 4,02,750 | 1,500 | 1,500 | 2,000 | 1,500 |
| വിശ്വനാഥപുരം | 4,000 | 2,000 | 2,000 | 20,000 | 2,000 | 2,000 | 1,000 | 1,000 | 1,000 | 46,500 | 1,000 | 1,000 | 1,000 | 1,000 |
| കുട്ടിക്കാനം | 1,300 | 1,300 | 1,300 | 8,000 | 4,560 | 1,000 | 1,300 | 1,500 | 1,300 | 1,20,000 | 1,000 | 1,200 | 1,300 | 1,300 |
| കല്ലാർ | 3,000 | 4,000 | 3,000 | 20,000 | 5,000 | 3,000 | 2,000 | 3,000 | 2,000 | 2,00,000 | 2,500 | 2,500 | 2,500 | 2,500 |
| പാമ്പനാർ | 1,500 | 1,500 | 1,500 | 50,000 | 18,000 | 3,000 | 1,500 | 3,000 | – | 4,02,025 | – | – | – | – |
| വാഗമൺ | 500 | 500 | 500 | 5,130 | 1,000 | 1,000 | 500 | 500 | 600 | 33,700 | 500 | 750 | 500 | 750 |
| വണ്ടിപ്പെരിയാർ | 4,000 | 4,000 | 2,000 | 1,08,000 | 20,000 | 4,000 | 3,000 | 5,000 | 4,000 | 7,40,000 | 4,000 | 4,000 | 4,000 | 4,000 |

## മുണ്ടക്കയം സോൺ

| | എപ്പിഫനി | ഹോളി ചൈൽഡ്ഹുഡ് | കമ്മ്യൂണിയോ ഇൻഡ്യ | P.M.A | ഹോളി ലാൻഡ് | വൊക്കേഷൻ | പീറ്റേഴ്സ് പെൻസ് | K.C.Y.M | ജസ്റ്റിസ് സൺഡേ | മിഷൻ സൺഡേ | മാസ്സ് മീഡിയ | K.R.L.C.C | ബൈബിൾ സൺഡേ | ഫാമിലി അപ്പോസ്റ്റലേറ്റ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ചാത്തന്തറ | 600 | 600 | 600 | 2,000 | – | 500 | 500 | 500 | 1,000 | 20,000 | 500 | 500 | 1,000 | 1,000 |
| എലിക്കുളം | 420 | 430 | 400 | 4,000 | 2,000 | 400 | 500 | 500 | 500 | 10,000 | 500 | 500 | 500 | 500 |
| എരുമേലി | 1,000 | 700 | 500 | 6,000 | 4,000 | 700 | 700 | 700 | 700 | 1,00,500 | 800 | 800 | 800 | 800 |
| കാഞ്ഞിരപ്പാറ | 500 | 500 | 500 | 3,000 | 500 | 500 | 500 | 500 | 500 | – | 500 | 500 | 500 | 500 |
| ഇടമൺ | 550 | 400 | 500 | 1,500 | 600 | 700 | 500 | 500 | 500 | 29,150 | 500 | 550 | 600 | 800 |
| മുണ്ടക്കയം | 5,400 | 4,500 | 4,600 | 7,000 | 6,600 | 4,500 | 7,316 | 7,642 | 7,490 | 3,42,620 | 7,260 | 6,330 | 6,960 | 5,240 |
| പൊടിമറ്റം | 2,000 | 2,000 | 2,000 | 14,500 | 3,000 | 2,000 | 2,000 | – | – | – | – | – | – | – |
| വാഴൂർ | 1,000 | 800 | 700 | 3,500 | 1,200 | 1,000 | 1,100 | 1,000 | 1,100 | 22,000 | 1,000 | 1,000 | – | – |
| വെച്ചൂച്ചിറ | 750 | 750 | 750 | 2,500 | 1,500 | 1,500 | 1,200 | 2,000 | 1,500 | 24,000 | 1,500 | 1,500 | 2,000 | 1,500 |
| ഏന്തയാർ | 1,500 | 1,300 | 1,300 | 1,400 | 1,500 | – | – | – | – | 16,050 | – | – | – | – |

## പട്ടിത്താനം സോൺ

| | എപ്പിഫനി | ഹോളി ചൈൽഡ്ഹുഡ് | കമ്മ്യൂണിയോ ഇൻഡ്യ | P.M.A | ഹോളി ലാൻഡ് | വൊക്കേഷൻ | പീറ്റേഴ്സ് പെൻസ് | K.C.Y.M | ജസ്റ്റിസ് സൺഡേ | മിഷൻ സൺഡേ | മാസ്സ് മീഡിയ | K.R.L.C.C | ബൈബിൾ സൺഡേ | ഫാമിലി അപോസ്റ്റലേറ്റ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആണ്ടൂർ | 1,688 | 750 | 500 | 1,500 | 1,500 | 550 | 650 | 550 | 500 | 10,000 | 500 | _ | _ | _ |
| ഇലക്കാട് | _ | _ | _ | _ | _ | _ | _ | _ | _ | _ | _ | _ | _ | _ |
| കാട്ടാമ്പാക്ക് | 500 | _ | _ | 1,000 | 1,000 | _ | _ | _ | _ | _ | _ | _ | _ | _ |
| കുറുമുള്ളൂർ | 2,500 | 2,000 | 1,000 | 4,000 | 4,000 | 2,700 | 2,000 | 2,000 | 3,500 | 1,00,000 | 2,000 | 2,000 | 1,000 | 1,000 |
| മധുരവേലി | 1,200 | 950 | 900 | 1,600 | 1,500 | 1,250 | 950 | 1,150 | 1,200 | 20,500 | 950 | 1,125 | _ | _ |
| മണ്ണാക്കനാട് | 1,500 | 1,300 | 1,450 | 11,000 | 3,500 | 1,400 | 1,500 | 1,500 | 1,600 | 17,700 | 1,550 | 1,650 | 1,575 | 1,400 |
| പട്ടിത്താനം | 1,000 | 1,000 | 2,000 | 11,000 | 3,850 | 2,000 | 2,200 | 2,000 | 2,000 | 1,10,000 | 1,500 | 1,500 | 2,000 | 2,000 |
| പെരുവ | 1,000 | 1,000 | 1,000 | 3,927 | 3,000 | 1,000 | 1,000 | 1,000 | 500 | 31,000 | 500 | 1,000 | 1,000 | 1,000 |
| പൊതി | 2,000 | 2,000 | 1,000 | 12,000 | 4,000 | 2,500 | 2,400 | 2,100 | 2,800 | 63,000 | 2,100 | 3,100 | 2,500 | 2,300 |
| വെട്ടിമുകൾ | 4,800 | 4,520 | 6,070 | _ | 5,200 | 4,300 | 2,530 | 3,250 | 4,240 | 60,000 | 4,115 | 4,320 | 4,000 | 3,980 |
| പാലാ | 900 | 1,200 | 1,050 | 7,500 | 3,200 | 1,100 | 1,100 | 1,200 | 1,150 | 60,391 | 950 | 1,200 | 1,000 | 950 |

## തിരുവല്ല സോൺ

| | എപ്പിഫനി | ഹോളി ചൈൽഡ്ഹുഡ് | കമ്മ്യൂണിയോ ഇൻഡ്യ | P.M.A | ഹോളി ലാൻഡ് | വൊക്കേഷൻ | പീറ്റേഴ്സ് പെൻസ് | K.C.Y.M | ജസ്റ്റിസ് സൺഡേ | മിഷൻ സൺഡേ | മാസ്സ് മീഡിയ | K.R.L.C.C | ബൈബിൾ സൺഡേ | ഫാമിലി അപോസ്റ്റലേറ്റ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ചങ്ങനാശ്ശേരി | 3,000 | 1,800 | 1,000 | 25,000 | 25,000 | 1,300 | 1,500 | 3,000 | 2,000 | 2,45,000 | 2,000 | 2,000 | 2,000 | 2,500 |
| കുന്നന്താനം | 1,445 | 500 | 500 | 2,000 | 500 | 500 | 500 | 500 | 500 | _ | 500 | 500 | 500 | 500 |
| മടത്തുംഭാഗം | 3,070 | 3,139 | 3,514 | 6,060 | 6,680 | 2,370 | 3,628 | 4,343 | 4,087 | 29,865 | 2,557 | 2,725 | 2,660 | 2,235 |
| മാരാമൺ | 2,000 | 3,000 | 2,000 | 23,631 | 36,835 | 2,000 | 2,000 | 2,000 | 5,000 | 3,60,000 | 2,500 | 2,500 | 2,500 | 2,500 |
| നെടുമുടി | 1,000 | 500 | 500 | 5,000 | 2,000 | 500 | 500 | 500 | 500 | 40,000 | 500 | 1,000 | 500 | 500 |
| പെരുമ്പെട്ടി | _ | _ | _ | 455 | _ | _ | _ | _ | _ | _ | _ | _ | _ | _ |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പൂവം | 1,000 | 1,000 | 1,000 | 10,000 | 15,000 | 1,000 | 2,500 | 2,500 | 2,500 | 1,00,000 | 2,500 | 1,600 | 1,600 | 1,600 |
| റാന്നി | 1,000 | 1,000 | 951 | 5,725 | 3,870 | 1,115 | 1,214 | 1,225 | 1,417 | 10,054 | 1,319 | 1,256 | 1,054 | 1,413 |
| തിരുവല്ല | 1,210 | 1,016 | – | 10,016 | 15,375 | 1,300 | – | – | – | 1,40,350 | – | – | – | – |
| വൈശ്യംഭാഗം | 2,209 | 2,222 | 500 | 2,000 | 3,000 | 500 | 500 | 500 | 500 | 64,005 | 500 | 500 | 500 | 500 |
| വനവാതുക്കര | 780 | 1,056 | 890 | 8,000 | 3,720 | 750 | 850 | 1,050 | 630 | – | – | | | |

## മൂന്നാർ സോൺ

| | എപ്പിഫനി | ഹോളി ചൈൽഡ്ഹുഡ് | കമ്മ്യൂണിയോ ഇൻഡ്യ | P.M.A | ഹോളി ലാൻഡ് | വൊക്കേഷൻ | പീറ്റേഴ്സ് പെൻസ് | K.C.Y.M | ജസ്റ്റിസ് സൺഡേ | മിഷൻ സൺഡേ | മാസ്സ് മീഡിയ | K.R.L.C.C | ബൈബിൾ സൺഡേ | ഫാമിലി അപോസ്റ്റലേറ്റ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അടിമാലി | 1,000 | 2,540 | 1,000 | – | 13,500 | 1,500 | 1,000 | 1,000 | 1,000 | 37,800 | 1,000 | 1,000 | 1,000 | 1,000 |
| ബിയേൽറാവ് | 2,000 | 2,250 | 1,750 | 7,500 | 3,000 | 1,650 | 1,350 | 2,150 | 1,500 | 1,40,000 | 1,100 | 1,500 | 2,080 | 2,000 |
| ചിന്നക്കനാൽ | 1,100 | 1,200 | 1,100 | 15,320 | 2,200 | – | – | – | – | 55,000 | 1,000 | 1,500 | 1,000 | 1,200 |
| ചിത്തിരപുരം | 3,000 | 3,000 | 3,000 | 10,000 | 10,000 | 5,000 | 3,000 | 4,000 | 3,000 | 90,000 | 3,000 | 4,000 | 3,000 | 3,000 |
| ദേവികുളം | 5,890 | 5,180 | 3,000 | 23,824 | 8,552 | 5,900 | 3,082 | 6,050 | 3,940 | 1,64,001 | 4,400 | 3,310 | 3,190 | 3,162 |
| ഗുഡാർളെ | 270 | 285 | 210 | – | 250 | 250 | 250 | 250 | 250 | 45,350 | 250 | 250 | 250 | 250 |
| ഇടുക്കി | 1,400 | 1,300 | 1,350 | 7,020 | – | 1,600 | 1,600 | 1,450 | 1,600 | 24,000 | 1,500 | 1,300 | – | – |
| കല്ലാർ -വട്ടിയാർ | 1,000 | 1,000 | 1,000 | 10,000 | 1,000 | 1,000 | 1,000 | 1,000 | 1,000 | 30,070 | 1,000 | 1,000 | 1,000 | 1,000 |
| മൂന്നാർ | 16,310 | 18,700 | 16,040 | 38,000 | 29,600 | 20,940 | 8,840 | 5,000 | 10,850 | 7,55,752 | 11,470 | 14,750 | 14,940 | 15,100 |
| തോപ്രാംകുടി | 500 | 500 | 500 | 2,500 | 2,000 | 500 | 500 | – | – | – | – | – | – | – |
| പള്ളിവാസൽ | 500 | 500 | 500 | 1,000 | 1,000 | 500 | 500 | 500 | 500 | 30,900 | – | – | – | – |
| ശാന്തൻപാറ | 25,00 | 2,500 | 2,500 | 7,000 | 9,200 | 2,500 | 2,000 | 2,300 | 2,300 | 2,21,740 | 2,300 | 2,300 | 2,300 | 2,500 |
| സൂര്യനെല്ലി | 2,000 | 2,000 | 2,000 | 5,000 | 5,000 | 2,000 | 2,000 | 2,000 | 2,000 | 1,50,000 | 2,000 | 2,000 | 2,000 | 2,000 |
| എല്ലപ്പെട്ടി | 2,000 | 2,000 | 2,000 | 10,000 | 2,000 | 2,000 | 2,000 | 2,000 | 2,000 | 1,25,000 | 2,000 | 2,000 | 2,000 | 2,000 |



# ലിയോ 14 – ാമൻ പാപ്പ
## നീതിയുടെ പ്രവാചകനും ഐക്യത്തിന്റെ അപ്പോസ്തലനും

മോൺ. ഡോ. ജോസ് നവസ്

പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ പിന്തുടർച്ചക്കാരനായി, കത്തോലിക്കാ സഭയുടെ 267–ാമത്തെ പാപ്പയായി 2025 മെയ് മാസം 8–ാം തീയതി കർദ്ദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രേവോസ്റ്റ് തിരഞ്ഞെടുക്കപ്പെട്ടു. പൊതു മാദ്ധ്യമങ്ങളുടെ കണക്കുകൂട്ടലുകൾക്കും പ്രവചനങ്ങൾക്കും അതീതമായി വന്ന ആ തിരഞ്ഞെടുപ്പ് സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിനും പ്രവർത്തനത്തിനും നായകത്വത്തിനും ഉത്തമോദാഹരണമാണ്. ബനഡിക്ട് പതിനാറാമന്റെ പരിവേഷത്തോടും ഫ്രാൻസിസ് പാപ്പയുടെ തുറവോടും പ്രത്യക്ഷപ്പെട്ട ലിയോ 14–ാമൻ പാപ്പ ബനഡിക് പാപ്പയെപ്പോലെ വിശ്വാസത്തിലൂന്നിയും ഫ്രാൻസിസ് പാപ്പയെപ്പോലെ സ്നേഹത്തിൽ തുറന്നും തന്റെ ദൗത്യം നിറവേറ്റും എന്ന് വിളംബരം ചെയ്യുകയായിരുന്നു. ലിയോ 14–ാമനിൽ പല സവിശേഷതകളുമുണ്ട്. അമേരിക്കയിൽ നിന്നുള്ള ആദ്യത്തെ പാപ്പ, അഗസ്റ്റീനിയൻ സഭയിൽ നിന്ന് ആദ്യത്തെ പാപ്പ പെറു പൗരത്വമുള്ള ആദ്യത്തെ പാപ്പ. മൂന്നു പൗരത്വങ്ങൾ (യു.എസ്.എ., പെറു, വത്തിക്കാൻ) ഉള്ള ആദ്യത്തെ പാപ്പ. ലിയോ എന്ന് പേര് സ്വീകരിക്കുക വഴി താൻ നീതിയുടെ പ്രവാചകനാണെന്നും തന്റെ ആദർശ വാക്യത്തിലൂടെ താൻ ഒരുമയുടെയും ഐക്യത്തിന്റെയും അപ്പോസ്തലനാണെന്നും വെളിപ്പെടുത്തി. അദ്ദേഹത്തിന്റെ ജീവിതവും വിദ്യാഭ്യാസവും, സ്വാധീനങ്ങളും, നിലപാടുകളും നമുക്കൊന്ന് അവലോകനം ചെയ്യാം.

## I. ജീവിത നാൾവഴികൾ

1955 സെപ്റ്റംബർ 14–ാം തീയതി ഷിക്കാഗോയിൽ ബ്രോൺസ്‌വിൽമേഴ്സി ഹോസ്പിറ്റലിൽ മിൽഫ്രഡ് ആഗ്നസ് മർട്ടീനസിന്റെയും ലൂയി മാരിയസ് പ്രെവോസ്റ്റിന്റെയും മൂന്നാമത്തെ മകനായി റോബർട്ട് ഫ്രാൻസിസ് ജനിച്ചു. ലൂയിസ് മാർട്ടിനും ജോൺ ജോസഫുമായിരുന്നു സഹോദരങ്ങൾ. ചിക്കാഗോയ്ക്കടുത്തുള്ള ഡോൾട്ടനിലാണ് അദ്ദേഹം വളർന്നത്. റിവർഡെയിലിലെ സെന്റ് മേരി ഓഫ് അസംപ്ഷനിലാണ് അദ്ദേഹം വിശ്വാസത്തിൽ വളർന്നത്.

1967 മുതൽ 1973 വരെ മിച്ചിഗണിലെ സൗഹാട്ടക്കിനടുത്തുള്ള സെന്റ് അഗസ്റ്റിൻസ് സെമിനാരി ഹൈസ്കൂളിൽ പഠിച്ച് ഹൈസ്കൂൾ പഠനം പൂർത്തീകരിച്ചു. തുടർന്ന് പെൻസിൽവേനിയയിലെ വില്ലനോവ യൂണിവേഴ്സിറ്റിയിൽ നിന്ന് ഗണിത ശാസ്ത്രത്തിൽ ബിരുദം നേടി. തുടർന്ന് 1977–ൽ

അദ്ദേഹം അഗസ്റ്റീനിയൻ സഭയിൽ ചേർന്നു. 1978 സെപ്റ്റംബർ 2 ന് പ്രഥമ വ്രത വാഗ്ദാനവും 1981 സെപ്റ്റംബർ 10ന് നിത്യവ്രത വാഗ്ദാനവും നടത്തി. 1982 ജൂൺ 19-ാം തീയതി റോമിൽ വച്ച് വൈദിക പട്ടം സ്വീകരിച്ചു. തുടർന്ന് റോമിലെ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റി ഓഫ് സെന്റ് തോമസ് അക്വിനാസിൽ (ആഞ്ചലിക്കം) കാനൻ നിയമത്തിൽ പഠനം ആരംഭിച്ചു. ഇതിനിടയിൽ 1985 മുതൽ 1986 വരെയും 1988 മുതൽ മുതൽ 1998 വരെയും തെക്കെ അമേരിക്കയിലെ പെറുവിൽ പോയി മിഷനറിയായും ഇടവക വൈദികനായും സെമിനാരി അദ്ധ്യാപകനായുമെല്ലാം ശുശ്രൂഷ ചെയ്തു. 1987-ൽ കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി. തുടർന്ന് അഗസ്റ്റീനിയൻ സഭയുടെ വൊക്കേഷൻ ഡയറക്ടറും മിഷൻ ഡയറക്ടറുമായെല്ലാം സേവനമനുഷ്ഠിച്ചു. 2001 മുതൽ 2013 വരെ അഗസ്റ്റീനിയൻ സഭയുടെ പ്രിയോർ ജനറാളായി റോമിൽ താമസിച്ച് ലോകമെമ്പാടും ചുറ്റി സഞ്ചരിച്ചു. ആ വേളയിലാണ് അദ്ദേഹം കേരളത്തിലും സന്ദർശനം നടത്തിയത്.

2014 നവംബർ 3ന് അദ്ദേഹം പെറുവിൽ ചിക്ലായോ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ടു. തുടർന്ന് 2014 ഡിസംബർ 12-ാം തീയതി മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. 2015 മുതൽ 2023 വരെ ചിക്ലായോ രൂപതയുടെ മെത്രാനായി ശുശ്രൂഷ ചെയ്തു. 2023 ൽ ഫ്രാൻസിസ് പാപ്പ അദ്ദേഹത്തെ മെത്രാന്മാർക്കുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ തലവനായും ലാറ്റിൻ അമേരിക്കക്കായുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ പ്രസിഡന്റായും നിയമിക്കുകയും 2023 സെപ്റ്റംബർ 30ന് കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തുകയും ചെയ്തു. ഫ്രാൻസിസ് പാപ്പായുടെ വിയോഗത്തെ തുടർന്ന് നടത്തപ്പെട്ട കൊൺക്ലേവിന്റെ രണ്ടാം നാൾ നാലാമത്തെ വോട്ടെടുപ്പിൽ 2025 മെയ് 8-ാം തീയതി കർദ്ദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് പാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു. ലിയോ 14-ാമൻ എന്ന പേര് സ്വീകരിച്ച അദ്ദേഹം മെയ് 18-ാം തീയതി സ്ഥാനാരോഹണം ചെയ്തു. താൻ നല്ലയിടയനാണെന്ന് ബോധപ്പെടുത്തുന്ന പാലിയവും മുക്കുവനായ പത്രോസിന്റെ പിൻഗാമിയാണെന്നോർമപ്പെടുത്തുന്ന മുദ്രമോതിരവും അന്ന് അദ്ദേഹം സ്വീകരിച്ചു. അദ്ദേഹം ഇപ്പോൾ കതോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ മാത്രമല്ല റോമാ രൂപതയുടെ മെത്രാനും വത്തിക്കാൻ സിറ്റിയുടെ രാഷ്ട്രത്തലവനുമാണ്.

## II വിദ്യാഭ്യാസം

അദ്ധ്യാപകനും സ്കൂൾ സൂപ്രണ്ടുമായിരുന്ന പിതാവ് ലൂയി മാരിയസ് പ്രെവോസ്റ്റും. ലൈബ്രേറിയനായിരുന്ന മാതാവ് മിൽഫ്രഡ് ആഗനസ് മർട്ടിനസും മകൻ റോബർട്ട് ഫ്രാൻസിസിൽ വിജ്ഞാനത്തിന്റെ വിത്തിട്ടു. റിവർഡെലിലെ സെന്റ് മേരി ഓഫ് അസംപ്ഷൻ ഇടവകയിൽ മതബോധനവും പ്രാരംഭ വിദ്യാഭ്യാസവും പൂർത്തിയാക്കിയിട്ട് അദ്ദേഹം സെന്റ് അഗസ്റ്റിൻസ് സെമിനാരി ഹൈസ്കൂളിൽ ചേർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ചു. തുടർന്ന് പെൻസിൽവേനിയായിലെ അഗസ്റ്റീനിയൻ അധീനതയിലുള്ള വില്ലനോവ യൂണിവേഴ്സിറ്റിയിൽ ചേർന്ന് ഗണിത ശാസ്ത്രത്തിൽ ബിരുദവും തത്വശാസ്ത്രത്തിൽ വിജ്ഞാനവും നേടി. തുടർന്ന് ചിക്കാഗോയിലെ കാത്ത

ലിക് തിയോളജിക്കൽ യൂണിയനിൽ ചേർന്ന് ദൈവശാസ്ത്രത്തിൽ M.Div ഡിഗ്രി കരസ്ഥമാക്കി. 1982- അദ്ദേഹം റോമിൽ പോയി കാനൻ നിയമത്തിൽ ലൈസൻഷിയേറ്റും 1987-ൽ ഡോക്ട്രേറ്റും നേടി. 2014 -ൽ വില്ലനോവ യൂണിവേഴ്സിറ്റി അദ്ദേഹത്തെ ഓണററി ഡോക്ടറേറ്റു നൽകി ആദരിച്ചു.

## III ഒൻപത് സ്വാധീനങ്ങൾ

1. **കുടുംബം** - ആഴപ്പെട്ട വിശ്വാസവും പ്രാർത്ഥനയും സ്നേഹവും വിജ്ഞാനവും പാവങ്ങളോട് കരുതലും നിറഞ്ഞ മാതാപിതാക്കളും സഹോദരന്മാരും റോബർട്ട് ഫ്രാൻസിസിൽ (റോബ് എന്നാണ് അദ്ദേഹത്തെ വീട്ടിൽ വിളിച്ചിരുന്നത്. ബോബ് എന്നു കൂട്ടുകാരും വിളിച്ചു.) നല്ല വ്യക്തിത്വത്തിന്റെ വേരുകൾ പാകി. അദ്ദേഹത്തിന്റെ ഫ്രഞ്ച്, ഇറ്റാലിയൻ, സ്പാനിഷ്, ആഫ്രിക്കൻ പൈതൃകങ്ങൾ അദ്ദേഹത്തെ വിശാലഹൃദയനാക്കി. മറ്റുള്ളവരെ ആദരിക്കാനും അംഗീകരിക്കാനും ഏവരുമായി സൗഹൃദവും ഐക്യവും പുലർത്താനും അത് പ്രചോദനമേകി.

2. **ഇടവക** - ഇടവകയിലെ ആരാധനയും കൂട്ടായ്മയും മതബോധനവും വിദ്യാഭ്യാസവുമെല്ലാം ഒരു വൈദികനാകാനുള്ള തൃഷ്ണ അദ്ദേഹത്തിൽ വളർത്തി അൾത്താര ബാലകനും ഗായകസംഘത്തിലെ അംഗവുമായെല്ലാം അദ്ദേഹം ഇടവകയിൽ സേവനമനുഷ്ഠിച്ചു.

3. **അഗസ്റ്റീനിയൻ സഭ** - വില്ലനോവ യൂണിവേഴ്സിറ്റിവരെ അദ്ദേഹത്തിന്റെ വിദ്യാഭ്യാസം അഗസ്റ്റീനിയൻ സ്ഥാപനങ്ങളിലായിരുന്നു. അഗസ്റ്റിനീയൻ സന്യാസ സഭയുടെ മൂല്യങ്ങളായ ഐക്യവും കരുണയും എളിമയും അങ്ങനെ അദ്ദേഹത്തിൽ വേരുറച്ചു. പാപ്പയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ വിശുദ്ധ അഗസ്റ്റിനെ അനുകരിച്ച് അദ്ദേഹം പറഞ്ഞു. 'നിങ്ങളോടു ചേർന്ന് ഞാൻ ഒരു ക്രൈസ്തവ വിശ്വാസിയാണ്. നിങ്ങൾക്കുവേണ്ടി പാപ്പയും,' അദ്ദേഹത്തിന്റെ ആദർശവാക്യം: "IN ILLO UNO UNUM ഒരേ ക്രിസ്തുവിൽ നാമെല്ലാവരും ഒന്നാണ്" വിശുദ്ധ അഗസ്റ്റിന്റെ 127-ാം സങ്കീർത്തനത്തിന്റെ വ്യാഖ്യാനത്തിൽ നിന്നെടുക്കപ്പെട്ടതാണ്. അതേപോലെ അദ്ദേഹത്തിന്റെ സ്ഥാനിക മുദ്രയിൽ രേഖപ്പെടുത്തിയിട്ടുള്ള 'അടഞ്ഞ പുസ്തകത്തിന്റെ മുകളിൽ വച്ചിരിക്കുന്ന കുന്തത്താൽ കുത്തപ്പെട്ട ഹൃദയം വിശുദ്ധ അഗസ്റ്റിന്റെ മാനസാന്തരത്തെ സൂചിപ്പിക്കുന്നു.'

4. **പെറു** - പാപ്പയുടെ വ്യക്തിത്വത്തിലും ചിന്താഗതിയിലും മനോഭാവങ്ങളിലും പെരുമാറ്റങ്ങളിലും ബന്ധങ്ങളിലും പ്രവൃത്തികളിലും വലിയ സ്വാധീനം ചെലുത്തി തെക്കെ അമേരിക്കൻ രാജ്യമായ പെറുവിലെ ജീവിതാനുഭവങ്ങളും ശുശ്രൂഷകളും. പാവങ്ങളോട് പക്ഷം ചേരാനും അഗതികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനും മനുഷ്യരിൽ വിശ്വാസവും ധാർമ്മീകതയും പ്രേഷിത ചൈതന്യവും നിറക്കാനും സാമൂഹ്യനീതി സംസ്ഥാപനത്തിനുവേണ്ടി സംസാരിക്കാനും പ്രവർത്തിക്കാനും പ്രപഞ്ചത്തെ ഉത്തരവാദിത്തപൂർവ്വം പരിരക്ഷിക്കാൻ പ്രചോദനമേകാനും അത് പാപ്പയെ പ്രേരിപ്പിച്ചു.

5. **ഗുസ്റ്റവ് ഗുറ്റിയേറസ്** - വിമോചന ദൈവശാസ്ത്രത്തിന്റെ ഉപജ്ഞാതാവായ ഗുറ്റിയേരസിനെ പാപ്പ കണ്ടുമുട്ടിയത് പെറുവിൽ വെച്ചാണ്. വിമോചന ദൈവശാസ്ത്രത്തോട് വലിയ ആഭിമുഖ്യം അത് പാപ്പയിൽ വളർത്തി. മനുഷ്യരെ എല്ലാത്തരത്തിലും എല്ലാ തലങ്ങളിലും വിമോചിപ്പിക്കുന്നതാണ് രക്ഷകനെ പ്രഘോഷിക്കുകയും രക്ഷയുടെ അനുഭവം പകരുകയും ചെയ്യേണ്ട തന്റെ കടമ എന്ന ദർശനം ആ കണ്ടുമുട്ടൽ സംജാതമാക്കി.

6. **രണ്ടാം വത്തിക്കാൻ കൗൺസിൽ** - സഭയുടെ എല്ലാത്തലങ്ങളിലും നവീകരണം വരുത്താൻ പ്രചോദനമേകിയ രണ്ടാം വത്തിക്കാൻ സൂനഹദോസ് (1962-65) പാപ്പയിൽ വലിയ സ്വാധീനം ചെലുത്തി. ആരാധനാക്രമത്തിലും, സഭാ പ്രബോധനങ്ങളിലും അധികാര വിനിയോഗത്തിലും പ്രേഷിത പ്രവർത്തനങ്ങളിലും എല്ലാം വത്തിക്കാൻ സൂനഹദോസിന്റെ ദർശനങ്ങളും പ്രബോധനങ്ങളും നിർദ്ദേശങ്ങളും സാക്ഷാത്ക്കരിക്കുന്നതിൽ അദ്ദേഹം പ്രതിജ്ഞാബദ്ധനാണ്.

7. **ലിയോ 13-ാമൻ പാപ്പ** - പാപ്പ ലിയോ 14-ാമൻ എന്ന പേര് സ്വീകരിച്ചതിന് കാരണം ലിയോ 13-ാമൻ പാപ്പയാണ്. രണ്ടാം വ്യാവസായിക വിപ്ലകാലത്ത് 'റേരും നൊവാരും' എന്ന ചാക്രിക ലേഖനത്തിലൂടെ നീതിക്കു വേണ്ടിയും തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടിയും ശബ്ദമുയർത്തിയ ലിയോ 13-ാമൻ പാപ്പ സഭയുടെ സാമൂഹിക പ്രബോധനത്തിന് നല്ല അടിത്തറയിട്ടു. നിർമ്മിത ബുദ്ധി, റോബോട്ട് തുടങ്ങിയ സാങ്കേതിക വിദ്യകളിലൂടെ നാലാം വ്യവസായിക വിപ്ലവം നടന്നുകൊണ്ടിരിക്കുകയാണ്. ആ വളർച്ചയെ തടസപ്പെടുത്താനല്ല. പുതിയ സാങ്കേതിക വിദ്യയുടെ വിനിയോഗത്തിൽ മനുഷ്യ മഹത്വത്തെയും ജീവനെയും പരിരക്ഷിക്കാനും തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്താതെ ധാർമ്മികതയിൽ അടിയുറച്ച് സാങ്കേതിക മുന്നേറ്റത്തെ ശരിയായ ദിശയിൽ മുന്നോട്ടു നയിക്കാനും പാപ്പ പ്രതിജ്ഞാബദ്ധനാണെന്ന് ലിയോ എന്ന പേരെടുത്തതിലൂടെ അദ്ദേഹം വെളിവാക്കുന്നു.

8. **ഫ്രാൻസിസ് പാപ്പ** - ലിയോ 14-ാമൻ പാപ്പയിൽ വളരെ സ്വാധീനം ചെലുത്തിയ വ്യക്തിയാണ് ഫ്രാൻസിസ് പാപ്പ. അദ്ദേഹമാണല്ലോ റോബർട്ട് ഫ്രാൻസിസ് പ്രവോസ്റ്റിനെ മെത്രാനായി നിയമിച്ചതും കർദ്ദിനാളായി വാഴിച്ചതും റോമിലേക്ക് കൊണ്ടുവന്ന് പ്രത്യേക ദൗത്യങ്ങൾ ഏല്പിച്ചതും. സിനഡാത്മാക സഭയെപ്പെറ്റി 2021-ൽ ആരംഭിച്ച് 2024-ൽ പൂർത്തീകരിച്ച മെത്രാന്മാരുടെ 16മതു സാധാരണ സിനഡും 2025-ൽ മുന്നേറുന്ന സാധാരണ ജൂബിലിയും പാപ്പയുടെ ശ്രദ്ധയിലുള്ള കാര്യങ്ങളാണ്. ഫ്രാൻസിസ് പാപ്പയുടെ 'ലൗദാത്തോ സി' എന്ന ചാക്രിക ലേഖനവും ലിയോ പാപ്പയെ സ്വാധീനിച്ചിട്ടുണ്ട്.

9. **അമേരിക്ക** - അമേരിക്കയിൽ ജനിച്ചു വളർന്ന ആദ്യത്തെ പാപ്പയാണ് ലിയോ 14-ാമൻ. അമേരിക്കനിസം അദ്ദേഹത്തിലില്ലെങ്കിലും അമേരിക്കൻ ചിന്താഗതിയും സമ്പർക്ക രീതികളും പാപ്പയിൽ പ്രകടമാണ്. പറഞ്ഞു

കൊണ്ടേയിരുന്നാൽ പോരാ. അത് പ്രാവർത്തികമാക്കാനും വചനം സാക്ഷാത്ക്കരിക്കാനും ശ്രദ്ധിക്കണമെന്ന പ്രാഗ്മാറ്റിക്ക് ചിന്താഗതി അമേരിക്കൻ എന്ന നിലയിൽ അദ്ദേഹത്തിലുള്ളതാണ്.

## IV ഒൻപത് നിലപാടുകൾ

അമേരിക്കയിൽ ജനിച്ചു വളർന്ന ലിയോ 14-ാമൻ പാപ്പ തന്റെ പൗരോഹിത്യ ശുശ്രൂഷ കൂടുതലും നിർവഹിച്ചത് തെക്കെ അമേരിക്കൻ രാജ്യമായ പെറുവിലാണ്. അമേരിക്കയിലും റോമിലുമായി അദ്ദേഹം വിദ്യ അഭ്യസിച്ചു. ശാന്തനും കരുണ നിറഞ്ഞവനും പോസിറ്റീവ് നിലപാടുകളുള്ളവനും നർമ്മ ബോധത്തോടെ എന്തും സമീപിക്കുന്നവനും മനുഷ്യരെ ശ്രവിക്കുന്നതിലും മനസിലാക്കുന്നതിലും കരുതുന്നതിലും ശ്രദ്ധവയ്ക്കുന്ന പാപ്പായുടെ പ്രധാന നിലപാടുകൾ ഏവയെന്ന് നോക്കാം.

1. **ഐക്യം** - അദ്ദേഹത്തിന്റെ ആദർശവാക്യം (IN ILLO UNO UNUM = ഒന്നായവനിൽ നാമെല്ലാം ഒന്നാണ്). തന്നെ ഐക്യത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത വെളിവാക്കുന്നു. സഭ മനുഷ്യവർഗ്ഗത്തെ മുഴുവൻ ക്രിസ്തുവിൽ ഒന്നിപ്പിക്കാൻ വേണ്ടിയാണ്. കുടുംബങ്ങളിലും കുടുംബകൂട്ടായ്മകളിലും ഇടവകകളിലും രൂപതകളിലും സഭയിലാകമാനം തന്നെ ഐക്യം പുലർത്താൻ ശ്രദ്ധിച്ചാലേ മനുഷ്യവർഗ്ഗത്തെ മുഴുവൻ ഒരുമിപ്പിക്കാൻ സഭയ്ക്ക് സാധിക്കൂ.
2. **നീതി** - ലിയോ എന്ന പേര് എടുക്കുന്നതിലൂടെ താൻ ലിയോ 13-ാമനെപ്പോലെ നീതിക്കുവേണ്ടി നിലകൊള്ളുകയും നീതി എങ്ങും സ്ഥാപിക്കാൻ ഇടപെടുകയും ചെയ്യും എന്ന് വെളിപ്പെടുത്തി.
3. **സിനഡാത്മകത** - മെത്രാന്മാരുടെ 16-ാമതു സാധാരണ സിനഡിന്റെ വിഷയമായിരുന്നു സിനഡാത്മകത. അധികാര വികേന്ദ്രീകരണവും സഭയുടെ നടത്തിപ്പിലും തീരുമാനമെടുക്കലിലും പ്രവർത്തനങ്ങളിലും ശുശ്രൂഷകളിലും ഏവരുടെയും പങ്കാളിത്തവും ഉറപ്പാക്കുന്നു സിനഡാത്മകത. ആ സിനഡിൽ സജീവമായി പങ്കെടുത്ത പാപ്പ അതിന്റെ സാക്ഷാത്ക്കാരത്തിനു ശ്രദ്ധിക്കും എന്നത് ഉറപ്പാണ്.
4. **ലിറ്റർജി** - നമ്മുടെ ആരാധനയെല്ലാം വെറും അനുഷ്ഠാനമായി പോകാതെ ദൈവാനുഗ്രഹം പകരുന്നതും ദൈവാനുഭവത്തിലേക്ക്നമ്മെ നയിക്കുന്നതുമാകണം. അതിന് ഉപകരിക്കും രീതിയിൽ നവീകരണം ലിറ്റർജിയിൽ ആവശ്യമാണെന്ന് പാപ്പ പഠിപ്പിക്കുന്നു.
5. **പ്രപഞ്ചം** - കാര്യസ്ഥരെന്ന രീതിയിൽ വേണം നാം പ്രപഞ്ചത്തെ സമീപിക്കാനും പ്രപഞ്ചത്തോട് ഇടപെടാനും 'ലൗദാത്തോസി'യിൽ ഫ്രാൻസിസ് പാപ്പ പകരുന്ന ദർശനം ഏവരും ഉൾക്കൊള്ളണമെന്നും അത് പറച്ചിലിൽ നിന്നാൽ പോരാ പ്രവൃത്തിപഥത്തിലാക്കണമെന്നും പാപ്പ അഭിലഷിക്കുന്നു.
6. **സമാധാനം** - യുദ്ധങ്ങളുടെ വിനാശത്തിലൂടെ മുന്നേറുന്ന ലോകത്തിൽ സമാധാനം വരുത്താൻ കേഴുകയാണ് പാപ്പ, ഇസ്രായേലിനോട്, റഷ്യ

യോട് യുദ്ധം ഒന്നിനും പരിഹാരമല്ല, കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയേയുള്ളൂ. മനുഷ്യഹൃദയം തുടങ്ങി കുടുംബങ്ങളിലും സമൂഹങ്ങളിലും രാജ്യങ്ങളിലും ലോകത്തിലാകമാനം തന്നെ യഥാർത്ഥ സമാധാനം പുലർത്തണം. അതാണ് പാപ്പയുടെ അഭ്യർത്ഥനയും പ്രാർത്ഥനയും.

7. **വിമോചനവും വികസനവും** – വിമോചന ദൈവശാസ്ത്ര ചിന്താഗതി എങ്ങും പകരണം, പരക്കണം. എല്ലാത്തരത്തിലുമുള്ള അടിമത്തങ്ങൾ അവസാനിക്കണം. ഏവർക്കും ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ സാധിക്കണം. അതിനുവേണ്ടി സമർപ്പിതയാണ് സഭ.
8. **കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും** അഭയം സംജാതമാക്കണം. ആരും ഭവനമില്ലാതെ, ജീവിക്കാനാവശ്യമായ വക ഇല്ലാതെ ജീവിക്കാൻ ഇടയാകരുത്. അതിനുതക്കവണ്ണം ഏവരും കരുണയോടും കരുതലോടും അവരോട് പെരുമാറണം.
9. **സുവിശേഷവൽക്കരണം** – ക്രിസ്തുവിന് സാക്ഷ്യം വഹിക്കുകയും ഉത്ഥിതനെ പ്രഘോഷിക്കുകയും ചെയ്യുക ഓരോ ക്രിസ്ത്യാനിയുടെയും കടമയാണെന്ന ബോധത്തോടെ ജീവിക്കുകയും പ്രവർത്തിക്കുകയും വേണം. രക്ഷകനായ യേശു ഏവർക്കും രക്ഷകനാണ്. അവനിലൂടെ ഏവരും രക്ഷ പ്രാപിക്കണം. രക്ഷ അനുഭവിക്കണം എന്ന ശ്രദ്ധയോടെ ഓരോ ക്രൈസ്തവനും സ്നേഹിക്കുകയും പങ്കുവയ്ക്കുകയും ശുശ്രൂഷിക്കുകയും പ്രഘോഷിക്കയും ജീവിക്കുകയും വേണം.

## ഉപസംഹാരം

അമേരിക്കയിൽ ജനിച്ചു വളർന്ന കർദ്ദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് കത്തോലിക്കാ സഭയുടെ 267-ാം പാപ്പയായി, ഫ്രാൻസിസ് പാപ്പയുടെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടത് ഒരു അത്ഭുതമാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. ആധുനിക ലോകത്തിൽ സഭയെ ദൈവത്തിന്റെ പ്രതീക്ഷകൾക്കും പദ്ധതിക്കുമൊത്ത് നയിക്കാൻ തക്കവണ്ണം പക്വതയാർന്ന വ്യക്തിയെയാണ് പുതിയ പാപ്പയായി ദൈവം രൂപപ്പെടുത്തി തിരഞ്ഞെടുത്തു തന്നത്. അദ്ദേഹം വലതനോ ഇടതനോ അല്ല. മദ്ധ്യനാണ്. പാരമ്പര്യവാദിയോ പുരോഗമനവാദിയോ അല്ല. പാരമ്പര്യത്തെ മുറുകെപ്പിടിച്ചു പുരോഗതിയിലേക്ക് മുന്നേറുന്നവനാണ്. വിശ്വാസത്തിലുറച്ചു നിന്ന് സ്നേഹത്തോടെ ജനത്തെ ഒരുമിച്ചുകൂട്ടി ദൈവപാതയിലൂടെ നയിക്കുന്ന നല്ല ഇടയൻ. സൗമ്യനും ശാന്തനും ധീരനുമണവൻ. വിജ്ഞാനവും വിവേകവും നിറഞ്ഞ് എല്ലാം നന്നായി ശ്രദ്ധിച്ചും ശ്രവിച്ചും ഗ്രഹിച്ചും മനസിലാക്കിയും നല്ല വിവേചനത്തോടെ ഉചിതമായി തീരുമാനമെടുത്ത് പക്വതയോടെ നമ്മെ നയിക്കുന്ന പാലകൻ. സഭയുടെ അടിസ്ഥാനങ്ങളെ മുറുകെപ്പിടിക്കുകയും എന്നാൽ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് നവീനതയോടെ സഭയെ ഭരിക്കുകയും ചെയ്യുന്നു പാപ്പ. അദ്ദേഹത്തെയോർത്ത് ദൈവത്തിന് നന്ദി പറയാം. അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം. അദ്ദേഹത്തോടു ചേർന്ന് പ്രവർത്തിച്ച് മുന്നേറാം.

■

# ഇടവക വാർത്തകൾ




CBCI യുടെ നേതൃത്വത്തിൽ ഉള്ള നാഷണൽ ട്രെയിനിംഗ് സെന്ററായ ബാംഗ്ലൂരിലെ NBCLC യിൽ വച്ച് ഏപ്രിൽ 23 മുതൽ 29 വരെ നടന്ന ലെയ്റ്റി സെമിനാറിൽ വിജയപുരം രൂപതയെ പ്രതിനിധീകരിച്ച് ശ്രീ. പ്രിൻസ് എബ്രഹാം ഏന്തയാർ , ശ്രീമതി. ഉഷാ തോമസ് ചാത്തൻ തറ , ശ്രീ. P Y സെബാസ്റ്റ്യൻ പട്ടിത്താനം , ശ്രീമതി. ജാക്വലിൻ ഫെർണാണ്ടസ് പെരുമ്പാവൂർ എന്നിവർ പങ്കെടുത്തു.



എരുമേലി പ്രൊപ്പോസ് സെന്റ് ജോസഫ് ഇടവകയിൽ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിപ്പറമ്പിൽ പിതാവിന്റെ ഇടയ സന്ദർശനത്തോടനുബന്ധിച്ച് 41 കുട്ടികൾ സ്ഥൈര്യലേപനം സ്വീകരിച്ചു.

## വചന വഴികളിലൂടെ സെന്റ് മേരീസ് ഇടവക കുറുമുള്ളൂർ



നോയമ്പ് കാല ആത്മീയ ജീവിതത്തെ ആഴപ്പെടുത്തുന്നതിനായി വിശുദ്ധ മാർക്കോസിന്റെ സുവിശേഷം, നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് ഇടവകാംഗങ്ങളും മറ്റു വിശ്വാസികളും പകർത്തിയെഴുത്തിൽ പങ്കുചേർന്നു. വിഭൂതി ബുധനാഴ്ചയിലെ ദിവ്യബലിക്കുശേഷം വിശുദ്ധ ഗ്രന്ഥം പകർത്തിയെഴുതുന്നവർ തങ്ങളുടെ നിയോഗങ്ങൾ സമർപ്പിച്ചു പ്രാർത്ഥിക്കുകയും ദിവ്യബലിക്കുശേഷം വചനം എഴുതുവാനുള്ള പേപ്പറുകളും പേനകളും വികാരിയച്ചൻ വെഞ്ചരിച്ചു നൽകുകയും ചെയ്തു. പകർത്തിയെഴുതിയ മാർക്കോസിന്റെ വിശുദ്ധ സുവിശേഷം ഉയിർപ്പ് ദിവ്യബലി മദ്ധ്യേ കാഴ്ചയായി സമർപ്പിച്ചു. നൂറ്റിയമ്പതോളം പേർ വിശുദ്ധഗ്രന്ഥം പകർത്തിയെഴുതി ഇത് ഇടവകയ്ക്ക് പുതിയ ആത്മീയ ഉണർവായി. വിശുദ്ധ ഗ്രന്ഥം പകർത്തിയെഴുതുന്നതിലൂടെ ദൈവവചനം കൂടുതൽ അറിയുവാനും ഈ നോയമ്പുകാലത്തെ ആത്മീയതയുടെ അനുഭവമാക്കി മാറ്റാനും കഴിഞ്ഞു.

---

## അഭിനന്ദനങ്ങൾ

### അസംപ്ഷൻ ചർച്ച് വണ്ടിപ്പെരിയാർ



**ഏയ്ഞ്ചൽ മേരി എ.റ്റി**
+2 FULL A+



**ജനീഷ ജോസഫ്**
SSLC FULL A+



**ട്രീസ മരിയ**
SSLC FULL A+

# ABEO 2.0 യുവജന കൺവൻഷൻ



കെസിവൈഎം വിജയപുരം രൂപതയുടെ നേതൃത്വത്തിൽ ABEO 2.0 The Bringer of Happiness യുവജന ധ്യാനം 2025 മെയ് 16,17,18 തീയതികളിൽ നടത്തപ്പെട്ടു. 16/05/2025 വെള്ളിയാഴ്ച വൈകുന്നേരം നാല് മണിയോടെ രജിസ്ട്രേഷൻ ആരംഭിക്കുകയും, കെസിവൈഎം വിജയപുരം രൂപത ആനിമേറ്റർ റവ. സി. മേരി ജ്യോതിസ് ഡി.ഐ. എച്ച്. നേതൃത്വത്തിൽ ജപമാല അർപ്പണത്തോടെ ധ്യാനത്തിന് ഔദ്യോഗികമായി തുടക്കം കുറിച്ചു. "ക്രിസ്തുവിലേക്ക് ആനന്ദത്തോടെ തിരികെയെത്താൻ കഴിയുന്ന വാതിലാണ് കുമ്പസാരം എന്ന കൂദാശ" എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്ത് റവ. ഫാ.ഷിൻറോ കുമ്പസാരത്തിനായി എല്ലാവരെയും ഒരുക്കി . തുടർന്ന് യുവജനങ്ങൾ കുമ്പസാരിച്ചു ധ്യാനത്തിന് ആത്മീയമായി ഒരുങ്ങി. 17/08/ 2025 ശനിയാഴ്ച വിജയപുരം രൂപത സഹായ മെത്രാൻ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽ പറമ്പിൽ പിതാവിന്റെ കാർമികത്വത്തിൽ ദിവ്യബലി അർപ്പണത്തിൽ പങ്കെടുക്കുകയും, പരിശുദ്ധ വിമലഗിരി മാതാവിന്റെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കുകയും ചെയ്തു. വിജയപുരം രൂപത സഹായ മെത്രാൻ അഭിവന്ദ്യ ജസ്റ്റിൻ പിതാവ് യുവജനങ്ങളുമായി സംവദിക്കുകയും" ദൈവം നമുക്കായി കരുതിവച്ചിരിക്കുന്ന ദൈവവിളി പൂർണ്ണമനസ്സോടുകൂടെ കേൾക്കുവാൻ നമ്മളെ തന്നെ പാകപ്പെടുത്താൻ ഈ ധ്യാനം നിങ്ങളെ സഹായിക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. "ഗോസ്പൽ ബാൻഡ്: ജിത്ത് ആൻഡ് ടീമിൻറെ നേതൃത്വത്തിൽ "ക്രിസ്തുവിൽ ആനന്ദിക്കാൻ, അവിടുത്തെ അനുഗ്രഹങ്ങളുടെ ഓർമ്മപ്പെടുത്തലാണ് ദിവ്യകാരുണ്യം" എന്ന വിഷയത്തിൽ ധ്യാനിക്കുകയും ചിന്തിക്കുകയും ചെയ്തു. ദിവ്യകാരുണ്യ ആരാധനയോടെയും ആശിർവാദത്തോടെയും രണ്ടാം ദിനം സമാപിച്ചു. 18/05/2025 ഞായറാഴ്ച ദിവ്യബലിക്ക് എപ്പിസ്കോപ്പൽ വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ പൂവത്തിങ്കലിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലിയിൽ പങ്കെടുക്കുകയും ചെയ്തു. തുടർന്ന് ക്രിസ്തുവിൽ ആനന്ദിക്കാൻ

അവിടുത്തെ കൂടെ കൂട്ടാൻ ദിവ്യകാരുണ്യ ഭക്തിയാൽ ദിവ്യകാരുണ്യത്തിന്റെ വാനമ്പാടിയായ അജിത യുടെ ജീവിതാനുഭവം കേൾക്കുകയും നാല് ചുമരുകൾകുള്ളിൽ ഈശോയെ തേടുന്നവർ ആകാതെ ലോകം മുഴുവൻ നമ്മുടെ പ്രവർത്തികൾ കൊണ്ട് ഈശോയെ കൊടുക്കാൻ കഴിയട്ടെ എന്ന സന്ദേശം ധ്യാനത്തിൽ നിന്നും ലഭിച്ചു. ധ്യാനത്തിൽ പങ്കെടുത്ത അനുവങ്ങൾ യുവജനങ്ങൾ പറഞ്ഞു. മൂന്ന് ദിവസം പരിശുദ്ധ വിമലഗിരി മാതാവിന്റെ സന്നിധിയിൽ ആയിരിക്കാനും അപ്പന്റെ സ്നേഹത്തെ തിരിച്ചറിയാനും ധ്യാനം എല്ലാവരെയും സഹായിച്ചു. കെ.സി.വൈ.എം രൂപത ഡയറക്ടർ ഫാ. ജോൺ വിയാനിയുടെ ആശീർവാദത്തോടെ ABEO 2.O സമാപിച്ചു. കെ.സി.വൈ.എം വിജയപുരം രൂപത ആനിമേറ്റർ സി. മേരി ജ്യോതിസ്, പ്രസിഡന്റ് അജിത്ത് അൽഫോൺസ്, ജനറൽ സെക്രട്ടറി അനു വിൻസെന്റ് വൈസ്. പ്രസിഡന്റ് എയ്ഞ്ചൽ സണ്ണി, സെക്രട്ടറിമാരായ അഞ്ജന ഷാജി, പ്രിൻസ് എബ്രഹാം, എഡ്യൂക്കേഷൻ ഫോറം കൺവീനർ അലൻ ജോസഫ്, സോഷ്യൽ ആൻഡ് പൊളിറ്റിക്കൽ ഫോറം കൺവീനർ ജീവൻ മാത്യൂസ്, സ്പിരിച്വൽ ആൻഡ് ലിറ്റർജിക്കൽ ഫോറം കൺവീനർ സാന്ദ്ര സണ്ണി, യൂത്ത് കൗൺസിൽ അംഗങ്ങളായ രാജ, ജോബിൻ ആന്റണി, ജോബിൻ രാജൻ എന്നിവർ യൂത്ത് കൺവൻഷന് നേതൃത്വം കൊടുത്തു.



കരിക്കാട്ടൂർ സെന്റ് ജോസഫ് ഇടവകയിൽ നടന്ന സ്ഥൈര്യലേപനം സ്വീകരിച്ചവർ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവിനോടൊപ്പം

## അഭിനന്ദനങ്ങൾ



ഭാരതീയ ദളിത് കോൺഗ്രസ് കോട്ടയം ജില്ലാ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട
**ജോൺ തറപ്പേൽ**
പൊതി സെന്റ്. മൈക്കിൾസ് ഇടവകാംഗം



ചൈനയിലെ തായ് പെയ് യിൽ നടന്ന വേൾഡ് മാസ്റ്റേഴ്സ് ഗെയിംസിൽ സ്വർണമെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീം അംഗമായ **പ്രിയ നെൽസൺ**. ഹൈ ജംപിൽ വെള്ളിയും നേടി. ചങ്ങനാശേരി മേരിമൗണ്ട് ഇടവകാംഗം

# വി.എസ്.എസ്.എസ്. വാർത്തകൾ

## ബാലോദയം
### (അവധിക്കാല പഠന ശിബിരം)

കുട്ടികളിലെയും യുവജനങ്ങളിലെയും രാസ ലഹരികളുടെ ഉപയോഗവും വ്യാപനവും ഇന്ന് സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായി മാറിയിരിക്കുകയാണ്. ലഹരിയുടെ ഇരുൾക്കയത്തിലേക്ക് ഏതു നിമിഷവും നിപതിക്കുവാൻ വഴിയൊരുക്കുന്ന പശ്ചാത്തലമാണ് നമ്മുടെ കുട്ടികളുടെ ചുറ്റുപാടുമുള്ളത്. മിഠായികളുടെയും ജ്യൂസിന്റെയും ഐസ്ക്രീമുകളുടെയുമൊക്കെ രൂപത്തിൽ കുട്ടികളെ വലവീശി പിടിക്കുവാൻ പതിയിരിക്കുന്ന ലഹരി മാഫിയകളുടെ കുടിലതന്ത്രങ്ങളെ തിരിച്ചറിഞ്ഞ് വഴിമാറി നില്ക്കുവാനുള്ള കരുത്ത് നമ്മുടെ ബാല്യ-കൗമാര -യുവജനങ്ങൾ ആർജ്ജിക്കേണ്ടിയിരിക്കുന്നു.

ലഹരിയുടെ മാസ്മരികത ഒരുക്കുന്ന ചതിക്കുഴികളെ തിരിച്ചറിഞ്ഞ് പൊരുതി തോല്പിക്കുവാൻ കുട്ടികളെ മാനസികമായി ബലപ്പെടുത്തുന്ന പഠനക്കളരിയാണ് മധ്യവേനലവധിക്കാലത്ത് ബാലവേദിയുടെ ആഭിമുഖ്യത്തിൽ ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്ന ബാലോദയം അവധിക്കാല പരിശീലന കളരി.



ബാലോദയം പരിശീലകർക്കുവേണ്ടി നടത്തിയ പരിശീലന പരിപാടി

ഏപ്രിൽ 14 ന് ബാലോദയം പരിശീലനക്കളരിയുടെ പരിശീലർക്കുള്ള പരിശീലനപരിപടി സൊസൈറ്റിയിൽ വച്ച് ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ.ലിനൂസ് ബിവേര ആശംസകൾ നേർന്നു. പ്രോഗ്രാം ഓഫീസർ ശ്രീ. സെബാസ്റ്റ്യൻ മറ്റത്തിൽ സ്വാഗതവും കോർഡിനേറ്റർ ശ്രീ. മാത്യു ജോസഫ് നന്ദിയും പറഞ്ഞു. തുടർന്ന് കേരള സോഷ്യൽ സർവീസ് ഫോറം കോർഡിനേറ്റർ ശ്രീ. സജോ ജോയ്, DREAM ജില്ലാ ഓഫീസർ ഗ്രീഷ്മ ജോസഫ് എന്നിവർ ക്ലാസുകൾ നയിച്ചു. ഉച്ചക്കുശേഷം നടന്ന മാതൃകാ ക്യാമ്പിന് കേരള ഗവണ്മെന്റ് കാവൽ പ്ലസ് പ്രവർത്തകരായ ക്രിസ്റ്റീന ജോർജ്, ശില്പ ബാബു എന്നിവർ നേതൃത്വം നൽകി. പരിശീലനപരിപാടിയിൽ പങ്കെടുത്തവർക്ക് ഡയറക്ടർ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. വിവിധ ഇടവകകളെ പ്രതിനിധീകരിച്ച് 30 യുവജനങ്ങളും, ആനിമേറ്റർമാരും പങ്കെടുത്തു.

## ലോക ഗ്ളൂക്കോമ വാരാചരണം



വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി, കോട്ടയം മെഡിക്കൽ കോളേജ്, ജില്ല അന്ധത നിവാരണ സമിതി എന്നിവരുമായി സഹകരിച്ച് ആണ്ടൂർ മൗണ്ട് കാർമൽ ഇടവകയിൽ വച്ച് നടത്തിയ നേത്ര പരിശോധന ക്യാമ്പ് കോട്ടയം മെഡിക്കൽ കോളേജ് ഒഫ്താൽമോളജിസ്റ്റ് ഡോ.അപർണ ഉദ്ഘാടനം ചെയ്തു. PDC സെക്രട്ടറി ബിജു ഇലവുങ്കൽചാലിൽ അധ്യക്ഷത വഹിച്ചു. ഒഫ്താൽമോളജി കൗൺസിലർ ശ്രീ സജിനീഷ് ക്യാമ്പിന്റെ അവലോകനം നടത്തി ആശാകിരണം ഖജാൻജി ശ്രീ ജോഷി ഇലവങ്കൽ ചാനൽ സ്വാഗതവും ഇടവകസമിതി സെക്രട്ടറി ശ്രീ സണ്ണി ചേറുംതാനം കൃതജ്ഞതയും അർപ്പിച്ചു. ഇടവക വികാരി ഫാ. ഫെർണാണ്ടസ് കോട്ടമേടിന്റെ നേതൃത്വത്തിൽ സിസ്റ്റർ വത്സമ്മ ആനിമേറ്റർ ശ്രീമതി ജെസ്സി സിബി, മതബോധന ഹെഡ്മിസ്ട്രസ്ശ്രീമതി ബീനാ ബിജു എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

# സ്കിൽ-അപ്പ് സർട്ടിഫിക്കറ്റ് വിതരണം



വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയും കേന്ദ്രസർക്കാരിന്റെ തൊഴിൽ പരിശീലന വിഭാഗമായ ജൻ ശിക്ഷൻ സൻസ്ഥാനുമായി സഹകരിച്ചു നടത്തിയ തൊഴിൽ നൈപുണ്യ പരിശീലനം പൂർത്തിയാക്കിയ 20 വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. വിജയപുരം രൂപതയുടെ പട്ടിത്താനം മേഖലയിലെ കുറവിലങ്ങാട് കേന്ദ്രീകരിച്ചു നടത്തിയ മൂന്നുമാസ ബ്യൂട്ടീഷൻ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചവരാണ് സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങിയത് 2025 ഏപ്രിൽ 10 ന് 11 am ന് മണ്ണക്കനാട് ഹോളിക്രോസ് പള്ളി ഹാളിൽ ചേർന്ന സമ്മേളനത്തിൽ ജനകീയ വികസന സമിതി സെക്രട്ടറി ശ്രീ എ.ജെ സാബു അധ്യക്ഷത വഹിച്ചു VSSS മേഖല ഡയറക്ടർ റവ.ഫാ.തോമസ് പഴവക്കാട്ടിൽ സമ്മേളനം ഉദ്ഘാടനം ചെയ്ത് സർട്ടിഫിക്കറ്റ് വിതരണം നടത്തി.JSS ജില്ലാ കോഡിനേറ്റർ ശ്രീമതി ജയലളിത, VSSS സി.ഡി.ഒ. ശ്രീ ടി കെ രാജു, ശ്രീമതിമാർ ലിൻസി അനീഷ്, ജെസ്സി ബാബു, അന്നമ്മ ആന്റണി എന്നിവർ സംസാരിച്ചു. യോഗത്തിൽ 30 അംഗങ്ങൾ പങ്കെടുത്തു.

---

# സംയുക്ത മീറ്റിംഗ് മുണ്ടക്കയം മേഖല

മുണ്ടക്കയം വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ മേഖലയിൽ പ്രവർത്തിക്കുന്ന വിജയ് അയൽക്കൂട്ടങ്ങളുടെ മേഖലാതലഘടനയായ "സംയുക്ത"യുടെ ഈ വർഷത്തെ രണ്ടാമത്തെ മീറ്റിംഗും ബോധവൽക്കരണ സെമിനാറും 2025 മെയ് മൂന്നാം തീയതി എലിക്കുളം ലിറ്റിൽ ഫ്ലവർ ചർച്ച ഹാളിൽ വച്ച് സംയുക്ത മുണ്ടക്കയം മേഖല വൈസ് പ്രസിഡണ്ട് ശ്രീ സണ്ണി പാമ്പാടിയുടെ അധ്യക്ഷതയിൽ നടത്തുകയുണ്ടായി. സംയുക്ത മുണ്ടക്കയം മേഖല ഡയറക്ടർ



റവ.ഫാ. വർഗീസ് ആലുങ്കൽ മുഖ്യ സന്ദേശം നൽകി മേഖലാ സെക്രട്ടറി ശ്രീമതി ശൈലജ സാബു മേഖലാ റിപ്പോർട്ട് അവതരണത്തെ തുടർന്ന് വിവിധ സംയോജിതകൾ റിപ്പോർട്ട് അവതരിപ്പിച്ചു. സംയോജിതകൾ അവതരിപ്പിച്ച റിപ്പോർട്ടുകളെ വി.എസ്.എസ്.എസ്. സി.ഡി.ഒ ശ്രീ. റ്റി.കെ. രാജു അവലോകനം ചെയ്തു. വനിതാദിനആഘോഷ പരിപാടികളുടെ കണക്കുകൾ മേഖലാ ഖജാൻജി ശ്രീമതി ശ്രീജജോഷി അവതരിപ്പിച്ചു. തുടർന്ന് "KLM ഉം സർക്കാർ ക്ഷേമനിധികളും" എന്ന വിഷയത്തെ ആസ്പദമാക്കി KLM വിജയപുരം രൂപത പ്രസിഡന്റ് ശ്രീ കെ.ജെ. ജോസഫ് ബോധവൽക്കരണ സെമിനാർ നയിച്ചു. പരിപാടികൾക്ക് ശ്രീമതി സാലി ബാബു സ്വാഗതവും ശ്രീമതി മഞ്ജു എം ജെ നന്ദിയും രേഖപ്പെടുത്തി.

## ആശാകിരണം രോഗി സഹായ നിധിയിലേക്ക് വിവിധ ജനകീയ വികസന സമിതികൾ ശേഖരിച്ച് വി.എസ്.എസ്.എസിൽ നൽകിയ തുകയും ചികിത്സാ സഹായം നല്കിയ തുകും

| | | |
|---|---|---|
| സെന്റ് മൈക്കിൾസ് ചർച്ച് പൊതി | - | 6000.00 |
| സെന്റ് ജോസഫ്സ് ചർച്ച് ഏന്തയാർ | - | 1200.00 |
| ലിറ്റിൽ ഫ്ളവർ ചർച്ച് വനവാതൂക്കര | - | 1000.00 |
| സെന്റ് മേരീസ് ചർച്ച് വടവാതൂർ | - | 1000.00 |
| സെന്റ് ബോണ്ഫസ് ചർച്ച് പട്ടിത്താനം | - | 5000.00 |
| സെന്റ് തെരേസാസ് ചർച്ച് പാക്കിൽ | - | 1000.00 |
| മുണ്ടക്കയം കാർമ്മൽ ചർച്ച് കുന്നുംഭാഗം | - | 1000.00 |
| **ചികിത്സാസഹായം നൽകിയത്** | | |
| പൊടിമറ്റം | - | 5000.00 |



പുതുക്കി പണിത വനവാതുക്കര ലിറ്റിൽ ഫ്ലവർ, ദൈവാലയം ഏപ്രിൽ 27ന് ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ഇടവക ജനത്തിന്റെയും സാന്നിധ്യത്തിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേതേച്ചേരിൽ പിതാവ് പ്രതിഷ്ഠാകർമ്മം നിർവഹിച്ചു.



റാന്നി ലിറ്റിൽ ഫ്ലവർ ദൈവാലയത്തിൽ വിജയപുരം രൂപത സഹായ മെത്രാൻ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽ പറമ്പിൽ പിതാവിന്റെ ഇടയ സന്ദർശനവും സ്ഥൈര്യലേപന കൂദാശ കർമ്മവും നടന്നു.



## നവ വൈദികൻ

കവളങ്ങാട് മൗണ്ട് കാർമ്മൽ ഇടവകാംഗം തേവരുപറമ്പിൽ **Br. റോബിൻ T റെജി SAC** മെയ് 8-ാം തീയതി, വിജയപുരം രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ ജസ്റ്റിൽ മഠത്തിൽ പറമ്പിൽ പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

## അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് കാലം ചെയ്ത ഫ്രാൻസിസ് പാപ്പയുടെ കബറിടം സന്ദർശിച്ചപ്പോൾ





സെമിനാരി ജൂബിലിയുടെ ഭാഗമായി നടത്തപ്പെട്ട ദിവ്യകാരുണ്യപ്രദക്ഷിണിത്തിൽ സ്പെയിനിലെ വിക്ടോറിയ രൂപത ബിഷപ്പ് ജൂവൻ കാർലോസ് ദിവ്യകാരുണ്യ ആശിർവാദം നൽകുന്നു



രൂപത മൈനർ സെമിനാരിയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി വിമലഗിരി കത്തീഡ്രലിൽ കൃതജ്ഞതാ ദിവ്യബലിയിൽ അണിചേർന്ന വൈദികർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം.



ഈ വർഷം വൈദികവസ്ത്രം സ്വീകരിച്ച ബ്രദേഴ്സും അവരുടെ മാതാപിതാക്കളും അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവിനോടും വൈദികരോടുമൊപ്പം

JUNE 2025
Vol. 18 • Issue 6
Published on 1st June 2025

**vijayapuradhuthu**
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
भारत सरकार का उपक्रम
Union Bank of India
A Government of India Undertaking

**Kodimatha Branch**
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013



# യൂണിയൻ ഗോൾഡ് ലോൺ

KCC സ്വർണ്ണ വായ്പ 4%* പലിശ മാത്രം

ഗ്രാമിന് പരമാവധി **4722 രൂപ** വരെ
100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ

- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.

*Terms & Conditions apply

കൂടുതൽ വിവരങ്ങൾക്ക്:
**0481-2581213, 8369774730, 7012204575**



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at Good Shepherd Press, Kottayam, Kerala. # 0481-2569180